കേരള സർക്കാർ

www.ksad.kerala.gov.in

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ ഡബ്ല്യൂ.വൈ.ഡി പി2-999/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്
കൽപ്പറ്റ - 673121
തീയതി: 18.02.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് -2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്:</u>

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.

3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ. ഡബ്ല്യ.വൈ.ഡി.പി2-999/2019 തിയ്യതി:18.02.2020.

<u>വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2018 മുതൽ 31.03.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 1.4.2018 മുതൽ 31.03.2019 തിയ്യതി വരെവിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം 24 ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീമതി.പി.എസ്.വസന്ത, ഡെപ്യൂട്ടി ഡയറക്ടർ. | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 9.10.2019 മുതൽ 21.10.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | | ശ്രീ.നവാസ്.കെ.എം | അസി.ഓഡിറ്റ് ഓഫീസർ. |
| | | ശ്രീ.ഡേവിഡ്.കെ.വി | അസി.ഓഡിറ്റ്ഓഫീസർ. |
| | | ശ്രീ.അലി അക്ബർ.കെ | അസി.ഓഡിറ്റ്ഓഫീസർ. |
| | | ശ്രീമതി.സൗമ്യ ജോൺ | ഓഡിറ്റർ. |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | 1.ശ്രീ.സജേഷ് പി ജി | 01.04.2018 മുതൽ 13.08.2018 വരെ |
| | 2.ശ്രീ.നൗഷാദ് എം പി | 14.08.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.അനിൽ രാമകൃഷ്ണൻ | 01.04.2018 മുതൽ 31.03.2019 വരെ |
| അസി.സെക്രട്ടറി | 1.ശ്രീ.മോഹൻ കുമാർ | 01.04.2018 മുതൽ 9.10.2018 വരെ |
| | 2.ശ്രീ.ബിജുലാൽ പി എസ് | 10.10.2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.സായൂജ് | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | 1.ഡോ.ജയകൃഷ്ണൻ | 01.04.2018 മുതൽ 3.05.2018 വരെ |
| | 2.ഡോ.റസാനത്ത് | 04.05.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി സരസ്വതി എം | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ഡോ.ഹസീന കരീം | 01.04.2018 മുതൽ 7.03.2019 വരെ |
| | ഡോ.ജാവേദ് റിസ് വാൻ | 8.03.2019 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. സിൻസി പവിത്രൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. സന്തോഷ് കെ കെ | 01.04.2018 മുതൽ 31.03.2019 വരെ |
| അസി.എഞ്ചിനീയർ | ശ്രീ. അബ്ദുൾ നാസർ | 1.04.2018 മുതൽ 30.05.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.സജി കുഞ്ഞുമോൻ | 01.06.2018 മുതൽ 31.03.2019 വരെ |
| | ശ്രീ.പ്രിൻസ് ടി യു | 01.04.2018 മുതൽ 7.07.2018 വരെ |
| | ശ്രീമതി അർഷിത | 8.07.2018 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>


| | |
|---|---|
| ബജറ്റ് | 1-1 |
| വാർഷികധനകാര്യപത്രിക | 1-2 |
| വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| ഫണ്ട് വിനിയോഗം | 1-5 |
| പദ്ധതി അവലോകനം | 1-6 |
| തൊഴിലുറപ്പ് പദ്ധതി | 1-7 |
| ക്ഷേമ പദ്ധതികൾ | 1-8 |
| ക്യാഷ് പരിശോധന | 1-9 |
| ആഭ്യന്തരനിയന്ത്രണം | 1-10 |
| മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| തനത് വരുമാനരശീതികളുടെ ഉപയോഗവും സൂക്ഷിപ്പും കൃത്യമായി | 1- |

| | |
|---|---|
| പരിശോധിക്കപ്പെടുന്നില്ല. | 13 |
| ചെക്ക് / ഡി.ഡി ലഭിക്കുമ്പോൾ ചെക്ക് ആന്റ് ഡ്രാഫ്റ്റ് രജിസ്റ്ററിൽ ചേർക്കുന്നില്ല. | 1-14 |
| ചെക്ക് / ഡി.ഡി പ്രകാരം ലഭിക്കുന്ന തുകകൾക്ക് ബാങ്ക് ചാർജ്ജ് ഈടാക്കുന്നു. | 1-15 |
| ഡി.ആന്റ് ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-16 |
| ഡി&ഒ ലൈസൻസിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിൽ നിശ്ചിത സമയക്രമം പാലിക്കുന്നില്ല | 1-17 |
| റിസോർട്ടുകൾ/ ഹോംസ്റ്റേകൾ തുടങ്ങിയ സ്ഥാപനങ്ങൾ ഡി.ആന്റ് .ഒ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു. | 1-18 |
| വാടക/ലേലം എന്നീ ഇനങ്ങളിലുള്ള വരവുകളിലെ കുടിശ്ശിക അടവാക്കിയിട്ടില്ല. | 1-19 |
| റിസോർട്ടുകളുടെ വസ്തുനികുതി മുഴുവനായി ഈടാക്കിയിട്ടില്ല. | 1-20 |
| വസ്തു കുതി നിർണ്ണയിക്കുന്നതിൽ മേൽത്തരം തറനിർമ്മിതി വർദ്ധനവ് കണക്കാക്കുന്നില്ല – പഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നു. | 1-21 |
| ആയുർവ്വേദ മരുന്ന് വാങ്ങൽ- മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭിച്ചിട്ടില്ല. | 1-22 |
| ലൈഫ് ഭവന പദ്ധതി - Phase I – വീടുകൾ പൂർത്തീകരിച്ചിട്ടില്ല. | 1-23 |
| തൊഴിലുറപ്പ് ഭരണ ചെലവ് | 1-24 |
| കുറഞ്ഞ നിരക്കിലുള്ള ടെണ്ടറുകൾ അംഗീകരിക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് നഷ്ടം. | 1-25 |
| കരാർ തുകയിൽ പരിമിതപ്പെടുത്തതെ തുക അനുവദിച്ചു. | 1-26 |
| നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട്. | 1-27 |
| കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ ചെലവ് രേഖകളില്ല. | 1-28 |
| പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ ന്യൂനതകൾ | 1-29 |
| മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കാത്തതിനെതിരെ നടപടി സ്വീകരിച്ചിട്ടില്ല. | 1-30 |
| രേഖകൾ ഹാജരാക്കയില്ല ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു. | 1-31 |
| ടെണ്ടർ ഫോറത്തിന്റെ വിതരണത്തിന്റെയും സ്റ്റോക്കിന്റെയും കൃത്യമായ വിവരങ്ങൾ സൂക്ഷിക്കുന്നില്ല. | 1-32 |
| പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം, ഭൗതികനേട്ട റിപ്പോർട്ട് എന്നിവ ഹാജരാക്കാത്തതിനാൽ ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു. | 1-33 |
| കുറഞ്ഞ നിരക്കിലുള്ള ടെണ്ടറുകൾ അംഗീകരിക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് ₹196923/- നഷ്ടം. | 3-1 |
| രേഖകൾ ഹാജരാക്കാത്തതിനാൽ ചെറവ് തുക ₹488757/- നിരാകരിക്കുന്നു. | 3-2 |
| നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-1 |
| വായ്പ/വായ്പാതിരിച്ചടവ് | 4-2 |
| സ്ഥിരനിക്ഷേപങ്ങൾ. | 4-3 |
| ഓഡിറ്റ് റിക്കവറി | 4- |

| | |
|---|---|
| | 4 |
| സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-5 |
| ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം | 4-6 |
| ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-8 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

20.03.2019 തീയതിയിലെ 53/19 -)ം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 20.02.2019 തീയതിയിലെ 1 -)ം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 26.6.2019 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

കെ.എസ്.എ. ഡബ്ല്യു.വൈ.ഡി. പി.2-514/2019 തീയതി 29.08.2019

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 21667168.5 |
| വരവ് | 134127886 |
| ആകെ | 155795054.5 |
| ചെലവ് | 121176522 |
| നീക്കിയിരിപ്പ് | 34618532.5 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ (ACR പ്രകാരം) | 0 | 28172212 | 28172212 | 19162581 | 9009631 |
| വികസന ഫണ്ട്- | 0 | 4657000 | 4657000 | 3918650 | 738350 |

| | | | | | |
|---|---|---|---|---|---|
| എസ്.സി.പി (ACR പ്രകാരം) | | | | | |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 6954000 | 6954000 | 6930748 | 23252 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 17853000 | 17853000 | 17464895 | 388105 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 3891000 | 3891000 | 3004701 | 886299 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 10173242 | 10193242 | 20366484 | 2509643 | 17856841 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 326 | 231483580 | 219 | 84128303 | 0 | 107 | 67 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 59995 | 2078910 | 2138905 | 2133346 | 5559 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 45372814 | 45372814 | 45372814 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

(₹) ( ) ₹ -)o

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 62,280/- | 67 |
| കർഷകതൊഴിലാളി പെൻഷൻ | 69,96,000/- | 31 |
| വിധവാപെൻഷൻ | 1,23,98,000/- | 38 |
| വാർദ്ധക്യകാലപെൻഷൻ | 1,45,42,200/- | 115 |
| വികലാംഗപെൻഷൻ | 39,76,000/- | 14 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 1,20,000/- | 4 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.10.2019 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 285/-രൂപ(ഇരുന്നൂറ്റി എൺപത്തിച്ച് അഞ്ച് രൂപ) ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമല്ല. സ്റ്റാന്റിംഗ് കമ്മിറ്റികൾ ബന്ധപ്പെട്ട വിഷയമേഖലകൾ മുഴുവൻ പരിഗണിക്കുന്നില്ല. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സുകൾ - കരട് പദ്ധതി നിർദ്ദേശങ്ങളുടെ വിശദമായ ചർച്ച മിനിട്ട്സുകളിൽ രേഖപ്പെടുത്തിയിട്ടില്ല. ആയവയ്ക്ക് ആധാരമായ രേഖകൾ ഫയലായി സൂക്ഷിച്ചിട്ടില്ല.വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സുകളിൽ തീരുമാനങ്ങൾ രേഖപ്പെടുത്തുന്നില്ല. വാർഡ്തല ക്ലാർക്കുമാരുടെ ഫീൽഡുതല പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നില്ല. കുറിപ്പ് ഫയൽ സൂക്ഷിക്കുന്നില്ല. ഫയൽ പേജ് നമ്പർ ഇട്ട് ക്രമമായി അടുക്കി സൂക്ഷിക്കുന്നതിൽ വിഴ്ചയുണ്ട്.

. ഡെപ്പോസിറ്റ്, അഡ്വാൻസ് എന്നിവയുടെ രജിസ്റ്ററുകൾ പൂർത്തീകരിച്ചിട്ടില്ല. രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നതിൽ കാര്യക്ഷമത ഉറപ്പ വരുത്തേണ്ടതാണ്. വസ്തുനികുതി, കെട്ടിടനിർമ്മാണ അനുമതി എന്നിവയുടെ അപേക്ഷകളിൽ സമയബന്ധിതമായും മുൻഗണനാ ക്രമത്തിലും നടപടി സ്വീകരിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 3.10.2019 – 5.10.2019 | 1.1.19 – 31.3.19 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.4.2011 | 2006-07 – 2010-11 | 2.06.2011 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-13 തനത് വരുമാന രശീതികളുടെ ഉപയോഗവും സൂക്ഷിപ്പും കൃത്യമായി പരിശോധിക്കപ്പെടുന്നില്ല.

2018-19 സാമ്പത്തിക വർഷവും 2019 സെപ്റ്റംബർ വരെയും ഉപയോഗിച്ച രശീതികൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഔട്ട് ഡോർ കളക്ഷനുവേണ്ടി ഉപയോഗിക്കുന്ന മാന്വൽ രശീത് ബുക്കുകളുടെ അവസാന പേജിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | രസീത് ബുക്ക് നം. | ആർക്ക് ഇഷ്യൂ ചെയ്തു | തീയതി |
|---|---|---|---|
| 1 | 17896 | ശ്രീമതി ജിൻസി ജോയി | 27.09.2018 |
| 2 | 17898 | ശ്രീ അനീഷ് കുമാർ | 04.11.2018 |
| 3 | 17899 | ശ്രീമതി ജിൻസി ജോയി | 12.12.2018 |
| | | | |

| | | | |
|---|---|---|---|
| 4 | 17903 | ശ്രീ ബിന വർക്കി | 20.02.2019 |
| 5 | 17904 | ശ്രീമതി ലിജിന ബാലൻ | 21.02.2019 |

2. സാമ്പത്തിക വർഷം അവസാനിച്ചതിനുശേഷം ഉപയോഗിക്കാത്ത രശീതികൾ ക്യാൻസൽ ചെയ്ത് സൂക്ഷിച്ചിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇഷ്യൂ ചെയ്ത തീയ്യതി | ആർക്ക് ഇഷ്യൂ ചെയ്തു | രസീത് ബുക്ക് നം | ഏത് രശീതി വരെ ഉപയോഗിച്ചു |
|---|---|---|---|---|
| 1 | 20.02.2019 | ശ്രീ ബിന വർക്കി | 17903 | 1-94 വരെ |

3. രസീതുകളിലെ വരവുകൾ തിരുത്തിയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | രശീത് നം./രശീത് ബുക്ക് നം. | തീയ്യതി | നികുതി നൽകിയ ആളുടെ പേര് | വാർഡ് നം. | തുക |
|---|---|---|---|---|---|
| 1 | 75/17898 | 22.02.2019 | ശ്രീ. എൻ.റ്റി. രാഘവൻ, ഞാറ്റാല | XI/134 | 92 |
| 2 | 16/17903 | 23.02.2019 | ശ്രീ. ഇബ്രാഹിം അത്തിലൻ | XIV/379 | 341 |

4. സാംഖ്യ രശീതികളായി ഇഷ്യൂ ചെയ്ത സ്റ്റേഷനറികൾ ഉപയോഗിക്കുകയോ , ഉപയോഗിക്കാത്ത രശീതികൾ ക്യാൻസൽ ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്റ്റേഷനറി നം. |
|---|---|
| 1 | 1594001 |
| 2 | 1302408 |
| 3 | 1303037 |
| 4 | 1302902-1302903 |
| 5 | 6299681 |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 09/2018-19 തീയ്യതി 17.10.2019 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് )ചട്ടങ്ങൾ, ചട്ടം 4,11 എന്നിവ പ്രകാരം രസീതുകൾ ഉപയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 ചെക്ക്/ഡി.ഡി ലഭിക്കുമ്പോൾ ചെക്ക് ആന്റ് ഡ്രാഫ്റ്റ് രജിസ്റ്ററിൽ ചേർക്കുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് )ചട്ടങ്ങൾ ,ചട്ടം 21(3) പ്രകാരം പഞ്ചായത്തിന് ലഭിക്കാനുള്ള തുകകൾക്ക് വേണ്ടി ചെക്കുകളും ഡിമാന്റ് ഡ്രാഫ്റ്റുകളും ലഭിക്കുമ്പോൾ രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. എന്നാൽ ആയത് കൃത്യമായി പാലിക്കപ്പെടുന്നില്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഡേ ബുക്ക് പ്രകാരം ചെക്ക്/ഡി.ഡി ലഭിച്ച തീയ്യതി | തുക (₹) |
|---|---|---|
| 1 | 24.05.2018 | 10,000/- |
| 2 | 29.08.2018 | 10,750/- |
| 3 | 29.08.2018 | 2,500/- |
| 4 | 05.09.2018 | 2,500/- |
| 5 | 11.02.2019 | 32,500/- |
| 6 | 11.02.2019 | 3,750/- |

മേൽ തുക അക്കൗണ്ടിൽ വരവു വന്നിട്ടുണ്ട്. എന്നാൽ രജിസ്റ്ററിൽ ചേർത്തിട്ടില്ല. പഞ്ചായത്തിന് ലഭിക്കാനുള്ള തുകകൾക്ക് വേണ്ടി ചെക്കുകളും ഡിമാന്റ് ഡ്രാഫ്റ്റുകളും ലഭിക്കുമ്പോൾ രജിസ്റ്ററിൽ ചേർക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-15 ചെക്ക് / ഡി.ഡി പ്രകാരം ലഭിക്കുന്ന തുകകൾക്ക് ബാങ്ക് ചാർജ്ജ് ഈടാക്കുന്നു.

പഞ്ചായത്തിന് ലഭിക്കുവാനുള്ള നികുതികൾ, ഫീസുകൾ, മറ്റു ചാർജ്ജുകൾ എന്നിവയുടെ ചെക്ക്/ഡി.ഡി പ്രകാരം ലഭിക്കുന്ന വരവുകൾ ബാങ്കിൽ ക്രെഡിറ്റ് ചെയ്യുമ്പോൾ കലക്ഷൻ ചാർജ്ജായി തുക ഈടാക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചെക്ക് നം./തീയ്യതി | ചെക്ക് പ്രകാരമുള്ള തുക (₹) | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം, തനത് ഫണ്ടിലേക്ക് തുക ക്രെഡിറ്റായ തീയ്യതി | ക്രെഡിറ്റായ തുക(₹) | വ്യത്യാസം |
|---|---|---|---|---|---|
| 1 | 1789943/31.08.2018 | 6250 | 09.10.2018 | 6175 | 75 |
| 2 | 1789944/31.08.2018 | 4350 | 09.10.2018 | 4275 | 75 |
| 3 | 030953/31.08.2018 | 5750 | 26.10.2018 | 5675 | 75 |
| 4 | 152703/20.08.2018 | 2500 | 30.10.2018 | 2425 | 75 |
| 5 | 570918/31.08.2018 | 6300 | 30.10.2018 | 6225 | 75 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 6 | 104728/22.11.2018 | 32172 | 29.11.2018 | 32072 | 100 |
| 7 | 044538/09.10.2018 | 6000 | 11.01.2019 | 5900 | 100 |
| 8 | 587229/29.12.2018 | 32590 | 11.01.2019 | 32490 | 100 |
| 9 | 438384/01.01.2019 | 28397 | 16.01.2019 | 28297 | 100 |
| 10 | 438383/01.01.2019 | 40140 | 16.01.2019 | 40040 | 100 |
| 11 | 440215/01.01.2019 | 26081 | 16.01.2019 | 25981 | 100 |
| 12 | 438382/01.01.2019 | 43890 | 16.01.2019 | 43790 | 100 |
| 13 | 440213/01.01.2019 | 13419 | 16.01.2019 | 13319 | 100 |
| 14 | 440214/01.01.2019 | 12780 | 16.01.2019 | 12680 | 100 |
| 15 | 357060/11.12.2018 | 2850 | 23.01.2019 | 2750 | 100 |
| 16 | 646622/18.01.2019 | 135701 | 25.01.2019 | 135601 | 100 |
| 17 | 452330/08.01.2019 | 8641 | 05.02.2019 | 8541 | 100 |
| 18 | 452329/08.01.2019 | 28337 | 05.02.2019 | 28237 | 100 |
| 19 | 444048/24.12.2018 | 30000 | 12.02.2019 | 29900 | 100 |
| 20 | 444046/24.12.2018 | 20000 | 12.02.2019 | 19900 | 100 |
| 21 | 444047/24.12.2018 | 20000 | 12.02.2019 | 19900 | 100 |
| 22 | 447872/31.12.2018 | 11715 | 12.02.2019 | 11615 | 100 |
| 23 | 447873/31.12.2018 | 25560 | 12.02.2019 | 25460 | 100 |
| 24 | 452328/08.01.2019 | 20000 | 20.02.2019 | 19900 | 100 |
| 25 | 997130/15.02.2019 | 700 | 27.02.2019 | 650 | 50 |
| 26 | 997131/15.02.2019 | 375 | 27.02.2019 | 325 | 50 |
| 27 | 288605/16.02.2019 | 700 | 27.02.2019 | 650 | 50 |
| 28 | 808650/16.02.2019 | 3750 | 01.03.2019 | 3700 | 50 |
| 29 | 827909/04.02.2019 | 32500 | 01.03.2019 | 32400 | 100 |
| 30 | 004321/22.02.2019 | 13750 | 01.03.2019 | 13700 | 50 |
| 31 | 536542/06.02.2019 | 3750 | 01.03.2019 | 3700 | 50 |
| 32 | 619567/23.02.2019 | 4500 | 07.03.2019 | 4450 | 50 |
| 33 | 035472/27.02.2019 | 5750 | 07.03.2019 | 5650 | 100 |
| 34 | 035473/27.02.2019 | 1250 | 07.03.2019 | 1200 | 50 |
| 35 | 432920/22.02.2019 | 4500 | 07.03.2019 | 4400 | 100 |
| 36 | 2276345/01.02.2019 | 25000 | 18.03.2019 | 24850 | 150 |
| 37 | 35421/12.03.2019 | 2850 | 03.04.2019 | 2800 | 50 |
| | | ആകെ | | | 3175 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 10/ 2018-19, തീയ്യതി 17.10.2019 ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് )ചട്ടങ്ങൾ ,ചട്ടം 21(2) പ്രകാരം മറ്റ് സ്ഥലത്തെ ബാങ്കുകളിൽനിന്നും ലഭിക്കുന്ന ചെക്കുകളുടെ തുകകളിൽ ബാങ്ക് ചാർജ്ജ് ഉൾപ്പടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും ബാങ്ക് ചാർജ്ജ് ഉൾപ്പെടുത്തിയിട്ടില്ലായെങ്കിൽ അത്തരം തുകകൾ പ്രത്യേകം ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണെന്നും പറയുന്നു. ആയതിനാൽ മേൽ തുക പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 ഡി.ആന്റ് ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

19.10.2019തീയ്യതിയിൽ പഞ്ചായത്ത്, ഓഡിറ്റിന് ഹാജരാക്കിയ ട്രേഡേഴ്സ് രജിസ്റ്റർ പ്രകാരം വിവിധ വാർഡുകളിലെ ട്രേഡേഴ്സിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. | ട്രേഡേഴ്സിന്റെ എണ്ണം (രജിസ്റ്റർ പ്രകാരം) | ട്രേഡേഴ്സ് രജിസ്റ്റർ പേജ് നം. |
|---|---|---|---|
| 1 | 1 | 28 | 1-4 |
| 2 | 2 | 68 | 7-14 |
| 3 | 3 | 8 | 20 |
| 4 | 4 | 18 | 23-24 |
| 5 | 5 | 13 | 27-28 |
| 6 | 6 | 14 | 31-32 |
| 7 | 7 | 12 | 35-36 |
| 8 | 8 | 11 | 40-41 |
| 9 | 9 | 7 | 44 |
| 10 | 10 | 9 | 47 |
| 11 | 11 | 123 | 50-62 |
| 12 | 12 | 16 | 67-68 |
| 13 | 13 | 10 | 71-72 |
| 14 | 13 | 88 | 75-79 |
| 15 | 15 | 35 | 86-88 |
| 16 | 16 | 12 | 94-95 |
| ആകെ ട്രേഡേഴ്സ് | | 472 | |

എന്നാൽ ഡി. ആന്റ് ഒലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസിനായി ആകെ അപേക്ഷ സമർപ്പിച്ചവരുടെ എണ്ണം 279 ആണ്. അതായത് 193 സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു എന്ന് ഇതിൽ നിന്നും വ്യക്തമാണ്. മേൽ വ്യത്യാസം വിശദീകരിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/2018-19, തീയ്യതി 19.10.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 [1999 ലെ ഭേദഗതി കാണുക] പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ലൈസൻസിലെ നിബന്ധനകൾ പാലിക്കാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥാപനവും പ്രവർത്തിക്കാൻ പാടുള്ളതല്ല. ആയതിനാൽ ലൈസൻസില്ലാതെ പ്രവർത്തിച്ച സ്ഥാപനങ്ങളിൽ നിന്നും തുക ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-17 ഡി&ഒ ലൈസൻസിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിൽ നിശ്ചിത സമയക്രമം പാലിക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 [1999 ലെ ഭേദഗതി കാണുക] പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും, ലൈസൻസിലെ നിബന്ധനകൾ പാലിക്കാതെയും, പഞ്ചായത്ത് പ്രദേശത്ത് ഏതൊരു സ്ഥാപനവും പ്രവർത്തിക്കാൻ പാടുള്ളതല്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് [ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ] ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകൾ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസത്തിന് മുമ്പായും പുതിയതായി തുടങ്ങുന്നതിനുള്ള അപേക്ഷകൾ പ്രസ്തുത സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് മുപ്പത് ദിവസങ്ങൾക്ക് മുമ്പായും സമർപ്പിക്കേണ്ടതാണ്. എന്നാൽ ആയത് കൃത്യമായി പാലിക്കപ്പെടുന്നില്ല.ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷ നം. | അപേക്ഷകന്റെ പേര് | അപേക്ഷ സമർപ്പിച്ച തീയ്യതി |
|---|---|---|---|
| 1 | 08 | ശ്രീ മുഹമ്മദ് കെ.എ | 12.04.2018 |
| 2 | 70 | ശ്രീ പി.എസ് ജോസഫ് | 17.10.2018 |
| 3 | 163 | ശ്രീ ജിജോ ജോസഫ് | 20.06.2018 |
| 4 | 24 | ഡോ.ഗോഡ്സൺ കെ.ജോൺ | 20.04.2018 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 10/ 2018-19 തീയ്യതി 17.10.2019 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 റിസോർട്ടുകൾ/ ഹോംസ്റ്റേകൾ തുടങ്ങിയ സ്ഥാപനങ്ങൾ ഡി.ആന്റ് .ഒ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.

ഡി.ആന്റ്.ഒ ലൈസൻസ് രജിസ്റ്റർ 2018-19 പ്രകാരം, തൻവർഷം ഡി ആന്റ് ഒ ലൈസൻസ് എടുത്ത റിസോർട്ട്, ഹോംസ്റ്റേ, സർവ്വീസ് വില്ല എന്നിവയുടെ ആകെ എണ്ണം ഇരുപത് ആണ്. എന്നാൽ മേൽ കാലയളവിൽ പഞ്ചായത്തിൽ റിസോർട്ട്, ഹോംസ്റ്റേ, സർവ്വീസ് വില്ല എന്നിവയായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച് പഞ്ചായത്ത് സൂക്ഷിക്കുന്ന ഫയലുകൾ പരിശോധിച്ചതിൽ ടി കാലയളവിൽ അൻപതിലധികം കെട്ടിടങ്ങളുണ്ട് ഈ തരത്തിൽ പ്രവർത്തിക്കുന്നത്. മേൽ സ്ഥാപനങ്ങൾക്ക് ഡി ആന്റ് ഒ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നതിന് അനുമതി നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 10/2018-19 തീയ്യതി 17.10.2019 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 [1999 ലെ ഭേദഗതി കാണുക] പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ലൈസൻസിലെ നിബന്ധനകൾ പാലിക്കാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥാപനവും പ്രവർത്തിക്കാൻ പാടുള്ളതല്ല. ആയതിനാൽ ലൈസൻസില്ലാതെ പ്രവർത്തിച്ച സ്ഥാപനങ്ങളിൽനിന്നും അധികമായ ഫീസുകൾ ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-19 വാടക/ലേലം എന്നീ ഇനങ്ങളിലുള്ള വരവുകളിലെ കുടിശ്ശിക അടവാക്കിയിട്ടില്ല.

1. 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-4 പ്രകാരം പഞ്ചായത്തിന്റെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിന്റെ വാടക ഇനത്തിൽ 650423/- രൂപ കുടിശ്ശികയായി ലഭിക്കാനുണ്ടായിരുന്നു. ഇത് സംബന്ധിച്ച്

നൽകിയ ഓഡിറ്റ് അന്വേഷണം നം. 8/17-18 തീയ്യതി 13.12.2018 ന് ലഭ്യമാക്കിയ മറുപടിയിൽ 18.12.2018 ലെ എ2-189/2012 പ്രകാരം വാടക കുടിശ്ശിക അടവാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നാണ് അറിയിച്ചത്. കുടിശ്ശിക രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം 2018-19 കാലയളവിൽ 86004/- രൂപ തിരിച്ചടവാക്കിയിട്ടുണ്ട്. ബാക്കി ലഭിക്കാനുള്ള തുക 564419/- രൂപയാണ്. മേൽ കുടിശ്ശിക തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. 2018-19 സാമ്പത്തിക വർഷം പഞ്ചായത്തിന് കീഴിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്ക് നൽകിയിരുന്നു. എന്നാൽ മുഴുവൻ വാടക തുകയും പഞ്ചായത്തിന് ലഭിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽഡിംഗ് നം. | വാടകക്കാരന്റെ പേര് | വാടക/ മാസം | കുടിശ്ശിക തുക (₹) |
|---|---|---|---|---|
| 1 | PP II/212-E | ഉസ്മാൻ, മുക്രി | 9200/m | 64,400/- |
| 2 | PP II/211 | ഷംസുൽ ഹുദ്ദ, മുതുവോടൻ | 36300/m | 2,90,400/- |
| 3 | PP II/212-C | അബ്ദുള്ള, കണ്ടിയൻ | 7800/m | 15,600/- |
| 4 | PP II/212-A | ടോമി, കുവയ്ക്കൽ | 30000/m | 1,50,000/- |
| ആകെ | | | | 5,20,400/- |

വാടക കുടിശ്ശിക സംബന്ധിച്ച് കേസ് നടക്കുന്നുണ്ട്. കുടിശ്ശിക വരുത്തിയവർ വീണ്ടും കൈവശം വച്ചിരിക്കുകയാണ്. മേൽ കുടിശ്ശിക ഈടാക്കുന്നതിനായി സ്വീകരിച്ച നടപടി സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.

3. 2018-19 സാമ്പത്തിക വർഷത്തെ ലേലം രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം കംഫർട്ട് സ്റ്റേഷൻ, ബസ് സ്റ്റാന്റ് ടോൾ എന്നീ ഇനങ്ങളിലെ വരവുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| കംഫർട്ട് സ്റ്റേഷൻ | 37300 | 20000 | 17300 |
| ബസ്സ് സ്റ്റാന്റ് ടോൾ | 30000 | 25000 | 5000 |
| | | ആകെ കുടിശ്ശിക | 22300 |

കുടിശ്ശിക ഈടാക്കുന്നതിനായി സ്വീകരിച്ച നടപടി സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.

# 1-20 റിസോർട്ടുകളുടെ വസ്തുനികുതി മുഴുവനായി ഈടാക്കിയിട്ടില്ല.

റിസോർട്ടുകളുടെ വസ്തുനികുതി നിർണ്ണയിച്ചതിലും ഈടാക്കിയതിലും കുറവു വന്നതിനാൽ പഞ്ചായത്ത് ഫണ്ടിന് ലഭിക്കേണ്ട വരുമാനത്തിൽ കുറവു വന്നിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

എ) ബോണിറ്റ ബാണാസുര (Bonita Banasura), വാർഡ് 15, - വസ്തുനികുതി മുഴുവനായി ഈടാക്കിയിട്ടില്ല

ശ്രീ. സുനിൽ മസ്സൂദ്, കൽപ്പറ്റ എന്നവർക്ക് BA/48/2016-17/22.08.2016 പ്രകാരം 506.55 സ്ക്വയർ മീറ്റർ ഉള്ള

കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പൂർത്തീകരണ പ്ലാൻ പ്രകാരം 560.54 സ്ക്വയർ മീറ്റർ വിസ്തീർണ്ണം ഉള്ള കെട്ടിടം പണി പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരണ പ്ളാൻ അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഫോം 16 പ്രകാരം PP XV/207B മുതൽ 207S വരെ (I ഒഴികെ) ഹോംസ്റ്റേ ആയി നമ്പർ നൽകിയിട്ടുണ്ട്. കെട്ടിടത്തിലെ 14 റൂമുകൾക്ക് വെവ്വേറെ നമ്പർ അനുവദിക്കുകയാണ് ചെയ്തിരിക്കുന്നത്. ഫയൽ പരിശോധനയിലും 18/10/2019 ന് 12 AM മണിക്ക് നടത്തിയ സ്ഥല പരിശോധനയിലും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) പെർമിറ്റ് പ്രകാരം 506.55 സ്ക്വയർ മീറ്റർ വിസ്തീർണ്ണം ഉള്ള കെട്ടിടം നിർമ്മിക്കുന്നതിന് ആണ് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ, പൂർത്തീകരണ പ്ലാൻ പ്രകാരം 560.54 സ്ക്വയർ മീറ്റർ വിസ്തീർണ്ണം ഉള്ള കെട്ടിടം ആണ് പണി പൂർത്തീകരിച്ചിട്ടുള്ളത്. അസി. എഞ്ചിനീയർ പെർമിറ്റ് ലംഘനം പരിശോധിച്ചിട്ടില്ല. സെക്രട്ടറി കെട്ടിടം റെഗുലറൈസേഷൻ നടത്താതെയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്.

2) പൂർത്തീകരണ പ്ലാൻ പ്രകാരം 560.54 Sq.M വിസ്തീർണ്ണം ഉള്ള ഒരു കെട്ടിടത്തിലെ റൂമുകൾക്ക് ആണ് നമ്പർ നൽകിയിരിക്കുന്നത്. കെട്ടിത്തെ ഒന്നാകെ ഒരു യൂണിറ്റായി കണ്ടാണ് നികുതി ഈടാക്കേണ്ടത്. ഗ്രൗണ്ട് ഫ്ലോറിൽ 4 റൂമുകളും, ഫസ്റ്റ് ഫ്ലോറിൽ 5 റൂമുകളും, സെക്കന്റ് ഫ്ലോറിൽ 5റൂമുകളും ഉണ്ട്. സ്ഥല പരിശോധനയിൽ , കെട്ടിടം 4500 മുതൽ 8500 രൂപ വരെ ദിവസ വാടക ഈടാക്കുന്ന ഒരു ബൊട്ടിക്ക് ഹോട്ടൽ (Boutique Hotel) ആണ് എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.. കെട്ടിടത്തിന് ബോണിറ്റ ബാണാസുര (Bonita Banasura) എന്ന് പേരും നൽകിയിട്ടുണ്ട്. നിലം പാകിയിരിക്കുന്നത് ഗ്രനൈറ്റ്, ടൈലുകൾ എന്നിവ ഉപയോഗിച്ചാണ്. വസ്തു നികുതി ഈടാക്കിയിരിക്കുന്നതിൽ കുറവ് സംഭവിച്ചിട്ടുണ്ട്. ഈടാക്കേണ്ട വസ്തു നികുതി താഴെ പറയുന്നു.

| ആകെ വിസ്തീർണ്ണം ($m^2$) | നികുതി നിരക്ക് | അടിസ്ഥാന നികുതി | ഇളവുകൾ | വർദ്ധനവ് | ഈടാക്കേണ്ട വാർഷിക വസ്തുനികുതി | ലൈബ്രറി സെസ്സ് | ആകെ |
|---|---|---|---|---|---|---|---|
| 560.54 | 70 (100 $m^2$ന് മുകളിലുള്ള ഹോട്ടൽ) | 39238 | മേഖല : ദ്വിതീയം<br>10% (3923.8) | 1) മേൽത്തരം തറ നിർമ്മിതി - 20% (7847)<br>2) 5 മീറ്ററിൽ കൂടുതൽ വീതിയുള്ള വഴി - 20% (7847) | 51008 | 2550 | 54558 |

നിലവിൽ ഈടാക്കുന്ന വസ്തുനികുതി (ഫോം 6 പ്രകാരം) താഴെ കൊടുക്കുന്നു.

| ആകെ വിസ്തീർണ്ണം ($m^2$) | നികുതി നിരക്ക് | അടിസ്ഥാന നികുതി | ഇളവുകൾ | വർദ്ധനവ് | ഈടാക്കുന്ന വാർഷിക വസ്തുനികുതി | ലൈബ്രറി സെസ്സ് | ആകെ |
|---|---|---|---|---|---|---|---|
| താഴത്തെ നില – 5 റൂമുകൾ (32.98 Sq.M/Room) | 50 | 1649 x 5 = 8245 | മേഖല : ദ്വിതീയം<br>10% (164.9 x 5 = 824.5) | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള വഴി - 20% (329.8 x 5 = 1649) | 1814 x 5 = 9070 | 91 x 5 = 455 | 1905 x 5 = 9525 |

| | | | | | | | |
|---|---|---|---|---|---|---|---|
| ഒന്നാം നില – 6 റൂമുകൾ (32.98 Sq.M/Room) | 50 | 1649 x 6 = 9894 | മേഖല : ദ്വിതീയം 10% (164.9 x6 = 989.4) | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള വഴി - 20% (329.8 x 6 = 1978.8) | 1814 x 6 = 10884 | 91 x 6 = 546 | 1905 x 6 = 11430 |
| രണ്ടാം നില – 6 റൂമുകൾ (32.98 Sq.M/Room) | 50 | 1649 x 6 = 9894 | മേഖല : ദ്വിതീയം 10% (164.9 x 6 =989.4) | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള വഴി - 20% (329.8 x 6 = 1978.8) | 1814 x 6 = 10884 | 91 x 6 = 546 | 1905 x 6 = 11430 |
| ആകെ | | | | | 30838 | 1547 | 32385 |

മേൽ പട്ടിക പ്രകാരം 20170/- രൂപ വസ്തു നികുതിയും 1003/- രൂപ ലൈബ്രറി സെസ്സും കുറച്ചാണ് പിരിക്കുന്നത്. മേൽ നഷ്ടം പൂർത്തീകരണ പ്ലാൻ പ്രകാരം കണക്കാക്കിയതാണ്. പൂർത്തീകരണ പ്ലാൻ അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്താതിനാൽ യഥാർത്ഥ അളവ് ഓഡിറ്റിന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/21.10.2019) മറുപടി ലഭ്യമാക്കിയിട്ടില്ല.

ബി) സിൽവർ ഗ്രീൻ റിസോർട്ട്, വാർഡ് 15, - വസ്തുനികുതി മുഴുവനായി ഈടാക്കിയിട്ടില്ല.

2018-19 സാമ്പത്തിക വർഷം, ശ്രീ. പി.എ. ഫ്രാൻസിസ്, തൃശ്ശൂർ എന്നവർക്ക് BA/18/2013-14/25.02.2014 പ്രകാരം 556.98 സ്ക്വയർ മീറ്റർ ഉള്ള കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പൂർത്തീകരണ പ്ലാൻ പ്രകാരം 949.5 സ്ക്വയർ മീറ്റർ വിസ്തീർണ്ണം ഉള്ള കെട്ടിടം പണി പൂർത്തീകരിച്ചിട്ടുണ്ട്. 143.59 സ്ക്വയർ മീറ്റർ എക്സിസ്റ്റിംഗ് കെട്ടിടവും കാണിച്ചിട്ടുണ്ട്. പൂർത്തീകരണ പ്ലാൻ അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഫോം 16 പ്രകാരം PP XV/345B മുതൽ 345R വരെ (I ഒഴികെ) റിസോർട്ടുകളായി നമ്പർ നൽകിയിട്ടുണ്ട്. കെട്ടിടത്തിലെ 16 റൂമുകൾക്ക് വെവ്വേറെ നമ്പർ അനുവദിക്കുകയാണ് ചെയ്തിരിക്കുന്നത്. ഫയൽ പരിശോധനയിലും 18/10/2019 ന് 11 AM മണിക്ക് നടത്തിയ സ്ഥലപരിശോധനയിലും താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) പെർമിറ്റ് പ്രകാരം 556.98 സ്ക്വയർ മീറ്റർ വിസ്തീർണ്ണം ഉള്ള കെട്ടിടം നിർമ്മിക്കുന്നതിന് ആണ് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ, പൂർത്തീകരണ പ്ലാൻ പ്രകാരം 949.5 സ്ക്വയർ മീറ്റർ വിസ്തീർണ്ണം ഉള്ള കെട്ടിടം ആണ് പണി പൂർത്തീകരിച്ചിട്ടുള്ളത്. അസി. എഞ്ചിനീയർ പെർമിറ്റ് ലംഘനം പരിശോധിച്ചിട്ടില്ല. സെക്രട്ടറി കെട്ടിടം റെഗുലറൈസേഷൻ നടത്താതെയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്.

2) പൂർത്തീകരണ പ്ലാൻ പ്രകാരം 949.5 Sq.M വിസ്തീർണ്ണം ഉള്ള ഒരു കെട്ടിടത്തിലെ റൂമുകൾക്ക് ആണ് നമ്പർ നൽകിയിരിക്കുന്നത്. കെട്ടിത്തെ ഒന്നാകെ ഒരു യൂണിറ്റായി കണ്ടാണ് നികുതി ഈടാക്കേണ്ടത്. ഗ്രൗണ്ട് ഫ്ലോറിൽ 6 സിംഗിൾ റൂമുകളും, ഫസ്റ്റ് ഫ്ലോറിൽ 1 ഡബിൾ റൂമും 4 സിംഗിൾ റൂമുകളും, സെക്കന്റ് ഫ്ലോറിൽ 1 ഡബിൾ റൂമും 4 സിംഗിൾ റൂമുകളും ഉണ്ട്. സിൽവർ ഗ്രീൻ റിസോർട്ടിന്റെ ഭാഗമായി ആണ് മേൽ കെട്ടിടം ഉപയോഗിക്കുന്നത് എന്ന് സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. കെട്ടിടത്തിന് സിൽവർ ഗ്രീൻ റിസോർട്ട് എന്ന് പേരും നൽകിയിട്ടുണ്ട്. നിലം പാകിയിരിക്കുന്നത് ഗ്രനൈറ്റ്, ടൈലുകൾ എന്നിവ ഉപയോഗിച്ചാണ്. വസ്തു നികുതി ഈടാക്കിയിരിക്കുന്നതിൽ കുറവ് സംഭവിച്ചിട്ടുണ്ട്. ഈടാക്കേണ്ട വസ്തു നികുതി താഴെ പറയുന്നു.

| ആകെ വിസ്തീർണ്ണം ($m^2$) | നികുതി നിരക്ക് | അടിസ്ഥാന നികുതി | ഇളവുകൾ | വർദ്ധനവ് | ഈടാക്കേണ്ട വാർഷിക വസ്തുനികുതി | ലൈബ്രറി സെസ്സ് | ആകെ |
|---|---|---|---|---|---|---|---|
| 949.5 | 90 | 85455 | മേഖല : ദ്വിതീയം | മേൽത്തരം തറ നിർമ്മിതി - 20% (17091) | 94001 | 4700 | 98701 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | 10% (8545.5) | | | | |

നിലവിൽ ഈടാക്കുന്ന വസ്തു നികുതി (ഫോം 6 പ്രകാരം) താഴെ കൊടുക്കുന്നു.

| ആകെ വിസ്തീർണ്ണം (m2) | നികുതി നിരക്ക് | അടിസ്ഥാന നികുതി | ഇളവുകൾ | വർദ്ധനവ് | ഈടാക്കുന്ന വാർഷിക വസ്തുനികുതി | ലൈബ്രറി സെസ്സ് | ആകെ |
|---|---|---|---|---|---|---|---|
| താഴത്തെ നില – 6 റൂമുകൾ (47.4 Sq.M/ Room) | 90 | 4266 x 6 = 25596 | മേഖല : ദ്വിതീയം 10% (426.6 x 6 = 2559.6) | 0 | 3840 x 6 = 23040 | 192 x 6 = 1152 | 4032 x 6 = 24192 |
| ഒന്നാം നില – 5 റൂമുകൾ ( 47.4 Sq.M / Room) | 90 | 4266 x 5 = 21330 | മേഖല : ദ്വിതീയം 10% (426.6 x 5 = 2133) | 0 | 3840 x 5 = 19200 | 192 x 5 = 960 | 4032 x 5 = 20160 |
| രണ്ടാം നില – 5 റൂമുകൾ (47.4 Sq.M/ Room) | 90 | 4266 x 5 = 21330 | മേഖല : ദ്വിതീയം 10% (426.6 x 5 = 2133) | 0 | 3840 x 5 = 19200 | 192 x 5 = 960 | 4032 x 5 = 20160 |
| ആകെ | | | | | 61440 | 3072 | 64512 |

മേൽ പട്ടിക പ്രകാരം 32561/- രൂപ വസ്തു നികുതിയും 1628/- രൂപ ലൈബ്രറി സെസ്സും കുറച്ചാണ് പിരിക്കുന്നത്. മേൽ നഷ്ടം പൂർത്തീകരണ പ്ലാൻ പ്രകാരം കണക്കാക്കിയതാണ്. പൂർത്തീകരണ പ്ലാൻ അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്താതിനാൽ യഥാർത്ഥ അളവ് ഓഡിറ്റിന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

5) പൂർത്തീകരണ പ്ലാൻ പ്രകാരം 143.59 സ്ക്വയർ മീറ്റർ എക്സിസ്റ്റിംഗ് കെട്ടിടം കാണിച്ചിട്ടുണ്ട്. സ്ഥല പരിശോധനയിൽ ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന് വസ്തു നികുതി ഈടാക്കുന്നണ്ടോ എന്ന വ്യക്തമല്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/21.10.2019) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ വിധത്തിൽ നികുതി പുനർനിർണ്ണയിച്ച് അറിയിക്കേണ്ടതാണ്. നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ ഉത്തരവാദികളിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

# 1-21 വസ്തുനികുതി നിർണ്ണയിക്കുന്നതിൽ മേൽത്തരം തറനിർമ്മിതി വർദ്ധനവ് കണക്കാക്കുന്നില്ല – പഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നു.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 203 പ്രകാരം ഒരു കെട്ടിടത്തിനെ ഒരു യൂണിറ്റായി കണ്ടാണ് വസ്തു നികുതി നിർണ്ണയിക്കേണ്ടത്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും -സർചാർജ്ജും) ചട്ടങ്ങളിൽ (പ്രകാരം 3(5), ചട്ടം 4 (1) എന്നിവ കാണുക) ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ ഉപയോഗ ക്രമങ്ങൾക്ക് (ഉദാ- വാണിജ്യം, താമസം മുതലായവ) ഉപയോഗപ്പെടുത്തുന്നുവെങ്കിൽ മാത്രമേ, അതത്

കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകാൻ പാടുള്ളൂ.എന്നാൽ, പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിലെ 100ച.മീൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിൽ ആകെ വിസ്തീർണ്ണത്തിനു പകരം ഓരോ റൂമുകളുടെയും വിസ്തീർണ്ണത്തിനനുസരിച്ച് ആണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ വിജ്ഞാപനപ്രകാരം മേൽത്തരം തറ നിർമ്മിതിയുടെ(100 ച.മീ നു മുകളിൽ) അടിസ്ഥാനത്തിൽ 20% വർദ്ധനവ് വരുത്തേണ്ടതുണ്ട്. എന്നാൽ, 100 ച.മീ നു മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളും 100 ച.മീ- ൽ താഴെയാക്കി നികുതി നിർണ്ണയക്കുന്നതിനാൽ (റൂമുകൾക്ക് പ്രത്യേക നമ്പർ നൽകുന്നതിനാൽ) പഞ്ചായത്തിന് വസ്തു നികുതി നഷ്ടം സംഭവിക്കുന്നുണ്ട്. പഞ്ചായത്തിലെ മിക്ക കെട്ടിടങ്ങളുടെയും നികുതി നിർണ്ണയത്തിൽ മേൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/21.10.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിധത്തിൽ 100 ച. മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ച് അറിയിക്കേണ്ടതാണ്.

## 1-22 ആയുർവ്വേദ മരുന്ന് വാങ്ങൽ- മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭിച്ചിട്ടില്ല.

പ്രോജക്ട് നം- S 0123/2019

പദ്ധതിയുടെ പേര്- ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ 3,50,000/- രൂപ (മെയിന്റെനൻസ് ഗ്രാന്റ് റോഡിതരം)

ചെലവ് 3,50,000/- രൂപ

ബിൽ നം:-1/18-19 dated 13.11.2018

നിർവ്വഹണ ഉദ്യോഗസ്ഥൻ:-മെഡിക്കൽ ഓഫീസർ ആയുർവേദം.

മേൽ പദ്ധതിയിലേക്കായി ഔഷധിയിൽ നിന്നാണ് മരുന്ന് വാങ്ങിയത്.ഔഷധി മരുന്ന് നൽകിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയിസ് നം. | മരുന്ന് ലഭിച്ച തീയതി | മരുന്ന് വില (₹) |
|---|---|---|---|
| 1 | 90094107 | 17.12.18 | 36,830/- |
| 2 | 90101042 | 31.01.19 | 21,069/- |
| 3 | 90100443 | 31.01.19 | 22,355/- |
| 4 | 90105306 | 28.02.19 | 39,136/- |
| 5 | 90106001 | 28.02.19 | 10,416/- |
| 6 | 90111451 | 31.03.19 | 73,873/- |
| 7 | 90113745 | 20.05.19 | 1,909/- |
| 8 | 90115489 | 31.05.19 | 22,505/- |
| 9 | 90117242 | 18.06.19 | 5,253/- |
| 10 | 90117905 | 22.06.19 | 26,128/- |
| 11 | 90119470 | 29.06.19 | 42,857/- |
| 12 | 90119713 | 29.06.19 | 5,513/- |
| | | | |

| | | | |
|---|---|---|---|
| 13 | 90120054 | 30.06.19 | 1,663/- |
| 14 | 90122052 | 15.07.19 | 8,081/- |
| 15 | 90124583 | 30.07.19 | 7,907/- |
| 16 | 90125679 | 31.07.19 | 3,087/- |
| 17 | 90129368 | 30.08.19 | 14,385/- |
| 18 | 90130409 | 07.09.19 | 1,680/- |
| | | ആകെ | 3,44,647 |

5353/-രൂപയുടെ മരുന്ന് ലഭിക്കാനുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.2/18.19 തീയ്യതി 17.10.2019 ന് ലഭ്യമാക്കിയ മറുപടിയിൽ 20.10.2019 ന് 2342/- രൂപയുടെ മരുന്ന് കൂടി ലഭിച്ചിട്ടുണ്ടെന്നും ബാക്കി തുകയായ 3,011/- രൂപയുടെ മരുന്നുകൾ താമസംവിനാ എത്തിക്കാമെന്ന് ഔഷധി അറിയിച്ചിട്ടുണ്ടെന്നുമാണ് അറിയിച്ചിരിക്കുന്നത്. മരുന്ന് ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 ലൈഫ് ഭവന പദ്ധതി - Phase I – വീടുകൾ പൂർത്തീകരിച്ചിട്ടില്ല.

| പദ്ധതിയുടെ പേര് | ലൈഫ് ഭവന പദ്ധതി(ജനറൽ) | ലൈഫ് ഭവന പദ്ധതി(എസ്.സി) | ലൈഫ് ഭവന പദ്ധതി(എസ്.റ്റി) |
|---|---|---|---|
| പ്രോജക്റ്റ് നമ്പർ | S0299/19 | S0300/19 | S0371/19 |
| അടങ്കൽ | ₹2260/- (വികസനം - ജനറൽ) ₹485000/- (മെയിന്റനൻസ് ഗ്രാന്റ് റോഡ്) | ₹150000/- (വികസനം - എസ്.സി.പി) | ₹350000/- (വികസനം - ടി.എസ്.പി) |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | | |

ഇ.എം.എസ് ഭവന പദ്ധതിയിലെയും തണൽ ഭവന പദ്ധതിയിലെയും ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളെ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ, താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഇതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | പേര് | വിഭാഗം | മുൻ ഭവന പദ്ധതിയിൽ നൽകിയ തുക | ലൈഫ് ഭവന പദ്ധതിയിൽ നൽകിയ തുക/ ചെക്ക് നമ്പർ | ലൈഫ് കരാർ നമ്പർ / തീയതി | നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|
| 1 | അച്ചാമ്മ, മലയൻ വീട്ടിൽ, പടിഞ്ഞാറത്തറ. | ജനറൽ | 52500/- | 100000/- (ബിൽ നം. 15/22.03.18) | നമ്പർ ഇല്ല / 19/02/2018 | തറ പൂർത്തിയായി. |
| 2 | ഷൈല ബിനു, വേലിക്കകത്ത്, പന്തിപ്പൊയിൽ. | ജനറൽ | 67500/- | 100000/- (ചെക്ക് നം. 758/15.05.18) | കരാർ ഒപ്പിട്ടിട്ടില്ല. | തറ പൂർത്തിയായി. |

| | | | | | | |
|---|---|---|---|---|---|---|
| 3 | വിനോദ്, കല്ലിപ്പാടത്ത്, 16-ാം മൈൽ. | ജനറൽ | 37500/- | 300000/-<br>[1) 100000/- (ചെക്ക് നം. 026755/04.05.18)<br>2) 100000/- (ചെക്ക് നം. 026787/08.05.18)<br>3) 100000/- (ചെക്ക് നം. 0366882/20.07.18)] | നമ്പർ/ തീയതി ഇല്ല. | ഭിത്തി ലിന്റൽ വരെ പൂർത്തിയായി. |
| 4 | രാജാമണി, കോട്ടാലക്കുന്ന് വീട്. | ജനറൽ | 22500/- | 80000/-<br>(ബിൽ നം. 15/22.03.18) | കരാർ ഒപ്പിട്ടിട്ടില്ല. | ഭിത്തി ലിന്റൽ വരെ പൂർത്തിയായി. |
| 5 | വിജയൻ, ആനപ്പാറ കോളനി. | എസ്.റ്റി | 62500/- | 100000/-<br>(ചെക്ക് നം. 026751/13.04.18) | കരാർ ഒപ്പിട്ടിട്ടില്ല. | തറ പൂർത്തിയായി. |
| 6 | മണി കോമൻ, ആനപ്പാറ കോളനി. | എസ്.റ്റി | 52500/- | 175000/-<br>[ 1) 100000/- (ചെക്ക് നം. 026753/24.04.18)<br>2) 75000/-(ബിൽ നം. 29/18.03.19)] | കരാർ ഒപ്പിട്ടിട്ടില്ല. | തറ പൂർത്തിയായി. |
| 7 | ചന്തു, കല്ലമൊട്ടം കുന്ന് കോളനി. | എസ്.റ്റി | 37500/- | 200000/-<br>[ 1) 100000/-(ബിൽ നം. 17/22.03.18))<br>2) 100000/-(ബിൽ നം. 29/18.03.19)] | കരാർ ഒപ്പിട്ടിട്ടില്ല. | മേൽക്കൂര വാർത്തു. |

തദ്ദേശ സ്വയംഭരണ വകുപ്പ് സർക്കുലർ (നം. 667/ഡി.ബി.1/2018/തസ്വഭവ തീ. 07.11.2018) പ്രകാരം പൂർത്തിയാകാത്ത വീട് പൂർത്തിയാക്കാൻ ലൈഫ് മിഷൻ ഒന്നാം ഘട്ട പദ്ധതിയുടെ കീഴിൽ വീണ്ടും ഒരു ഗഡു കൂടി ധനസഹായം വാങ്ങുകയും വീട്ടുപണി പൂർത്തിയാക്കാതിരിക്കുകയും ചെയ്താൽ നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതും മേലിൽ ഒരു സർക്കാർ ഭവന പദ്ധതിയിലും അവരെ പരിഗണിക്കാതിരിക്കുകയും ചെയ്യേണ്ടതാണ്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/21.10.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. വീടുകൾ പൂർത്തിയാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-24 തൊഴിലുറപ്പ് ഭരണ ചെലവ്

2018-19 സാമ്പത്തിക വർഷം താഴെ പറയുന്ന മാസങ്ങളിൽ തൊഴിലുറപ്പ് പദ്ധതി വിഭാഗത്തിലെ ചെലവുകൾക്കായി തനത് ഫണ്ടിൽ നിന്നും വേതനം,ടെലഫോൺ,സ്റ്റേഷനറി,വാഹന വാടക,പ്രിന്റിംഗ് എന്നീ ഇനങ്ങൾക്കായി

നൽകിയിട്ടുണ്ട്.തൊഴിലുറപ്പ് പദ്ധതി ഫണ്ട് ലഭിക്കുമ്പോൾ പണം തനത് ഫണ്ടിലേക്ക്

തിരിച്ചടക്കേണ്ടതാണ്.

| ക്രമ നം. | മാസം, ഇനം | തുക (₹) |
|---|---|---|

| | | |
|---|---|---|
| | | |
| 1 | ഏപ്രിൽ 2018, വേതനം ,ടെലഫോൺ | 93,317/- |
| 2 | മെയ് 2018 , വേതനം ,ടെലഫോൺ | 94,765/- |
| 3 | ജൂൺ 2018 , വേതനം , ടെലഫോൺ, സ്റ്റേഷനറി,പ്രിന്റിംഗ്, വാഹന വാടക | 1,27,035/- |
| 4 | ജൂലൈ 2018 , വേതനം | 79,830/- |
| 5 | ആഗസ്റ്റ് 2018 , വേതനം,ടെലഫോൺ | 84,516 /- |
| 6 | സെപ്റ്റംബർ2018 , വേതനം, ടെലഫോൺ | 82,909 /- |
| 7 | ഒക്ടോബർ 2018 , വേതനം,ടെലഫോൺ | 83,417 /- |
| 8 | നവംബർ 2018 , വേതനം , | 70,710 /- |
| 9 | ഡിസംബർ 2018 , വേതനം,ടെലഫോൺ | 98,445 /- |
| 10 | ജനവരി 2019,വേതനം, | 1,02,000/- |
| 11 | ഫെബ്രുവരി 2019, വേതനം, | 1,02,000/- |
| 12 | മാർച്ച്2019,വേതനം,ടെലഫോൺ,പ്രിന്റിംഗ് | 1,27,691/- |
| | ആകെ ചെലവ് (തനത് ഫണ്ട്) | 11,46,635/- |
| | തനത് ഫണ്ടിലേക്ക് തിരിച്ചടച്ചത് | 4,25,000/- |
| | തിരിച്ചടക്കാൻ ബാക്കിയുള്ളത് | 7,21,635/- |

തൊഴിലുറപ്പ് പദ്ധതി ഫണ്ട് ലഭിക്കുമ്പോൾ പണം തനത് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 1-25 കുറഞ്ഞ നിരക്കിലുള്ള ടെണ്ടറുകൾ അംഗീകരിക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം

ഗ്രാമപഞ്ചായത്തിന്റെ അസി. എഞ്ചിനീയർ നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറുകളിൽ ചില പ്രവൃത്തികലുടെ ടെണ്ടർ റദ്ദുചെയ്യുകയും പിന്നീട് വീണ്ടും ടെണ്ടർ നടത്തി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

വ്യക്തമായ കാരണമില്ലാതെ ടെണ്ടറുകൾ റദ്ദ് ചെയ്ത് റീ ടെണ്ടറിലൂടെ പ്രവർത്തികൾ◌േ നടപ്പാക്കിയതിനാൽ 1,96,923/- രൂപയുടെ നഷ്ടം വന്നിട്ടുണ്ട്. വിശദവിവരങ്ങൾക്ക് ഖണ്ഡിക 3-1 കാണുക.

## 1-26 കരാർ തുകയിൽ പരിമിതപ്പെടുത്തതെ തുക അനുവദിച്ചു.

മരാമത്ത് പ്രവൃത്തികൾക്ക് കരാറുമ്പടി പ്രകാരം അംഗീകരിച്ച തുകയാണ് പരമാവധി നൽകാവുന്നത്. അധികമായി പ്രവൃത്തി ചെയ്യേണ്ടതായി വരുകയാണെങ്കിൽ എസ്റ്റിമേറ്റ് റിവൈസ്സ് ചെയ്ത് സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കേണ്ടതാണ്. എന്നാൽ തൻ വർഷത്തിൽ നടപ്പിലാക്കിയ പല പ്രവൃത്തികൾക്കും കരാറുതുകയേക്കാൾ അധികം തുക കരാറുകർക്ക് നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ലംസം പ്രൊവിഷനായി ഉൾപ്പെടുത്തിയിട്ടുള്ള തുകയിൽ നിന്നുമാണ് അധിക തുക നൽകിയതായിട്ടുള്ളത്. കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 1601.1.3 അനുസരിച്ച് എസ്റ്റിമേറ്റിൽ ലംസം ആയി കാണിച്ച തുകയ്ക്ക് വർക്കിംഗ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്. അംഗീകരിച്ച എസ്റ്റിമേറ്റിൽ 5% വരെ വർദ്ധനവ് പ്രവൃത്തിയുടെ മേൽനോട്ടം വഹിച്ച എഞ്ചിനീയറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഭരണസമിതി തീരുമാന പ്രകാരം വർക്ക് സ്ലിപ്പ് വഴി സാങ്കേതിക അനുമതി നൽകിയ ഉദ്യോഗസ്ഥന്റെ അംഗീകാരത്തോടെ നടപ്പാക്കാവുന്നതാണ്. ടെണ്ടർ പ്രകാരം അംഗീകരിച്ച് കരാറുടമ്പടി വെച്ചതിലും അധിക തുക നൽകിയ ഏതാനും പ്രവൃത്തികളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്റ്റിന്റെ നമ്പരും പേരും | കരാർ തുക | അനുവദിച്ച തുക | അധികം നൽകിയ തുക (₹) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | എസ്. 0091/19, പേരാൽ പൂളഞ്ചോലക്കുന്ന് കോളനി നടപ്പാത കോൺക്രീറ്റ്. | 296041 | 300000, (Bill. No. 69/18-19, 26.02.2019) | 3959 |
| 2 | എസ്. 0096/19, മങ്ങണാംപൊയിൽ നരിപ്പാറ നടപ്പാത കോൺക്രീറ്റ്. | 195436 | 200000, (Bill. No. 95/18-19, 13.03.2019) | 4564 |
| 3 | എസ്. 0047/19, മക്കോട്ട്കുന്ന് പുല്ലമ്പിപടി റോഡ് സൈഡ്കെട്ട്. | 184340 | 188226, (Bill. No. 114/18-19, 21.03.2019 ) | 3886 |
| 4 | എസ്. 0134/19, കളരികുന്ന് നടമ്മൽ റോഡ് സൈഡ്കെട്ട്. | 196126 | 200000, (Bill. No. 124/18-19, 26.03.2019) | 3874 |
| 5 | എസ്. 0080/19, കാപ്പാണ്ടിക്കൽ പിലാച്ചേരി യാസർപ്പടി നടപ്പാത കോൺക്രീറ്റ്. | 95757 | 99136, (Bill.No. 125/18-19, 26.03.2019) | 3379 |
| 6 | എസ്. 0096/19, മങ്ങണാംപൊയിൽ നരിപ്പാറ നടപ്പാത കോൺക്രീറ്റ്. | 99188 (7.3% below the estimate rate) | 101750, (Bill. No. 70/18-19, 26.12.2018) | 2561 |
| 7 | എസ്. 0066/19, ബപ്പണം സീതപ്പടി നടപ്പാത കയറ്റം കോൺക്രീറ്റ്. | 181678 (7.5% below the estimate rate) | 185000, (Bill. No. 57/18-19, 30.11.2018) | 3322 |

ഭരണസമിതിയുടെ അംഗീകാരത്തോടെ അല്ല മേൽ പ്രവൃത്തികൾക്ക് കരാർ പ്രകാരം നൽകേണ്ട തുകയിലും അധിക തുക നൽകിയിട്ടുള്ളത്. കരാറുതുകയിൽ പരിമിതപ്പെടുത്തതെ തുക അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിററ് എൻക്വയറിക്ക് മറുപടിയായി സാങ്കേതിക അനുമതി നൽകിയ ഉദ്യോഗസ്ഥൻ വർക്ക് സ്ലിപ്പ് മുഖേന അംഗീകരിച്ചതിനാലാണ് തുക നൽകിയതെന്നാണ്. ഭരണസമിതിയുടെ അംഗീകാരമില്ലാതെ തുക നൽകിയ നടപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കൽ ഭരണസമിതിയുടെ തീരുമാനത്തിന് വിടുന്നു. ഭരണസമിതിയുടെ തീരുമാനം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട്.

ഗ്രാമപഞ്ചായത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ ബാങ്ക്/ ട്രഷറി അക്കൗണ്ട് സൂക്ഷിച്ച് വരുന്നുണ്ട്. പ്രസ്തുത അക്കൗണ്ടുകൾ ഗ്രാമപഞ്ചായത്തിന്റെ സാംഖ്യ അക്കൌണ്ടിംഗ് സിസ്റ്റത്തിൽ ഉൾപ്പെടാത്തതാണ്. ആയതിനാൽ ഇതിലെ നീക്കിയിരിപ്പുകൾ ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ പ്രതിഫലിക്കുന്നില്ല. ക്യാഷ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാലും ബാങ്ക് റിക്കൺസിലിയേഷൻ നടത്താത്തതിനാലും ഈ ആക്കൗണ്ടുകളിലെ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

അക്കൗണ്ടുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | അക്കൗണ്ടിന്റെ വിവരങ്ങൾ | 31.03.2019 - ലെ നീക്കിയിരിപ്പ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | അസി. എഞ്ചിനീയർ | A/C No. 0355101022069,<br>കനറാ ബാങ്ക് പടിഞ്ഞാറത്തറ | ₹199739/ |
| | | A/C No. 79901140000l996,<br>ട്രഷറി | ₹143997/- |
| 2 | വെറ്ററിനറി സർജൻ | A/C No. 0355101008191,<br>കനറാ ബാങ്ക് പടിഞ്ഞാറത്തറ | ₹123089/- |
| | | A/C No. 0355101016254,<br>കനറാ ബാങ്ക് പടിഞ്ഞാറത്തറ | ₹269/- |
| 3 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 130161201020073 വയനാട് ജില്ലാ സഹകരണ ബാങ്ക്, പടിഞ്ഞാറത്തറ. | ₹32,766/- |
| | | 130161201000053 വയനാട് ജില്ലാ സഹകരണ ബാങ്ക്, പടിഞ്ഞാറത്തറ. | ₹19,805/- |
| | | 0355101011235<br>കാനറ ബാങ്ക്, പടിഞ്ഞാറത്തറ. | ₹1,62,672/- |
| | | 0355101016210<br>കാനറ ബാങ്ക്, പടിഞ്ഞാറത്തറ. | ₹18,301/- |

12.04.2007ലെ ജി.ഒ.(പി)നം.177/2006/ധനം ഉത്തരവ് പ്രകാരം നോൺബാങ്കിംഗ് ട്രഷറി മുഖേന പണമിടപാടുകൾ നടത്തുന്ന തദ്ദേശ ഭരണസ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ (ഡിമാണ്ട് ഡ്രാഫ്റ്റ് നൽകുക എന്ന ആവശ്യത്തിനു മാത്രമായി) ബാങ്ക് അക്കൌണ്ട് ആരംഭിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. ഒരോ മാസത്തിന്റെയും അവസാനം ഇപ്രകാരം ആരംഭിച്ച അക്കൌണ്ടിൽ ബാക്കി നിൽക്കുന്ന തുക ചലാൻ മുഖേന ട്രഷറിയിൽ തിരിച്ചടക്കേണ്ടതാണ്. ഈ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്ന തുകകളുടെ വിവരം അനെക്സർ ബി - V ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. നിർവ്വഹണ ഉദ്യോഗസ്ഥർ മേൽ പറഞ്ഞ നടപടികൾ സ്വീകരിച്ചിട്ടില്ല.

ബാങ്കിംഗ് ട്രഷറി മുഖേനയാണ് പണമിടപാടുകൾ നടത്തുന്നത് എന്നതിനാൽ മേൽ പറഞ്ഞ് ബാങ്ക് അക്കൗണ്ടുകൾ എന്ത് ആവശ്യത്തിന് വേണ്ടി സൂക്ഷിക്കുന്നതാണെന്നും ആരുടെ നിർദ്ദേശ പ്രകാരം ആരംഭിച്ചിട്ടുള്ളതാണെന്നും മേൽ പറഞ്ഞ മറ്റ് ന്യൂനതകൾക്കും വിശദീകരണവും ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറികൾ (നം. 19 /2018-19/21.10.2019, 06 /2018-19/14.10.2019) നൽകിയതിൽ അസി. എഞ്ചിനീയർ മാത്രമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. തുകകൾ ഏതാണെന്ന് കണ്ടെത്തി ഉചിതമായ നടപടി സ്വീകരിക്കുന്നതാണെന്ന് അദ്ദേഹം അറിയിച്ചിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പുകൾ ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ ക്രമ വിരുദ്ധമാണ്. ആയതിനാൽ പ്രസ്തുത വിഷയം പരിഹരിക്കുന്നതിനുള്ള നടപടി സെക്രട്ടറി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-28 കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ ചെലവ് രേഖകളില്ല.

ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റെൻഷനു വേണ്ടി കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിന് ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് വകയിരുത്തി താഴെപ്പറയുന്ന പ്രോജക്ടുകൾ തയ്യാറാക്കി തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ടിന്റെ നമ്പറും തീയതിയും | ചെലവഴിച്ച തുക | ട്രഷറി ബിൽ നമ്പറും തീയതിയും |
|---|---|---|---|
| 1 | എസ്.0418/18, ഒന്നാം വാർഡിലെ വിവിധ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ. | ₹2,75,000/- | 21/2018-19, 24.05.2018 |

| | | | |
|---|---|---|---|
| 2 | എസ്.0398/18, രണ്ടാം വാർഡിലെ വിവിധ പ്രദ്ദേശങ്ങളിൽ പൈപ്പ് ലൈൻ. | ₹1,25,000/- | 22/2018-19, 24.05.2018 |
| 3 | എസ്.0321/19, പന്ത്രണ്ടാം വാർഡിലെ വിവിധ പ്രദ്ദേശങ്ങളിൽ പൈപ്പ് ലൈൻ. | ₹2,30,000/- | 23/2018-19, 24.05.2018 |
| 4 | എസ്.0416/18, തോട്ടം പന്തിപൊയിൽ പൈപ്പ് ലൈൻ. | ₹2,50,000/- | 24/2018-19, 24.05.2018 |
| 5 | എസ്.0319/19, പതിനൊന്നാം വാർഡിലെ കുടിവെള്ള പൈപ്പ് ലൈൻ പുനഃസ്ഥാപിക്കൽ. | ₹2,00,000/- | 60/2018-19, 30.11.2018 |
| 6 | എസ്.0326/19, എടക്കാടൻമുക്ക് - പന്തിപൊയിൽ വാർഡിലെ കുടിവെള്ള പൈപ്പ് ലൈൻ പുനഃസ്ഥാപിക്കൽ. | ₹2,00,000/- | 57/2018-19, 30.11.2018 |
| 7 | എസ്.0330/19, ഒന്നാം വാർഡ് ബപ്പനം പ്രദ്ദേശത്ത് കുടിവെള്ള പൈപ്പ് ലൈൻ പുനഃസ്ഥാപിക്കൽ. | ₹2,00,000/- | 58/2018-19, 30.11.2018 |
| ആകെ | | ₹14,80,000/- | |

ഓഡിറ്റിന് ലഭ്യമാക്കിയ ട്രഷറി ബില്ലുകൾ അനുസരിച്ച് മേൽ തുക കേരള വാട്ടർ ആതോറിറ്റിയുടെ പേരിലുള്ള അക്കൗണ്ട് നം.6747030791 (SBIN0070193) - ലേക്ക് കൈമാറിയതായാണ് കാണുന്നത്. കേരള വാട്ടർ അതോറിറ്റിയുടെ കൈപ്പറ്റ് രശീതിയും കേരള വാട്ടർ അതോറിറ്റിയുമായി ചമച്ച കരാറുടമ്പടിയും തുകകളുടെ വിനിയോഗ സാക്ഷിപത്രവും ഭൗതിക നേട്ട റിപ്പോർട്ടും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല 11.10.2019-ലെ ഓഡിറ്റ് എൻക്വയറി നം. 04/2018-19 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ആകെ ചെലവ് തുക ₹14,80,000/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-29 പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ ന്യൂനതകൾ

ഗ്രാമപഞ്ചായത്തിന്റെ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച് പൊതുവായ ന്യൂനതകൾ താഴെ പറയുന്നു.

1) അസി. എഞ്ചിനീയറുടെ ക്യാഷ് ബുക്ക് എഴുതിസൂക്ഷിച്ചിട്ടില്ല. ഒരു രജിസ്റ്ററിൽ വരവ് ചെലവ് വരവ് ചെലവ് കണക്കുകൾ എഴുതി സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇതിൽ നീക്കിയിരിപ്പിന്റെ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത രജിസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

2) 2018-19 വർഷത്തിൽ ടെണ്ടർ ഫോറം വിതരണ രജിസ്റ്ററും സെയ്ൽസ് രജിസ്റ്ററും എഴുതി സൂക്ഷിച്ചിട്ടില്ല. ടെണ്ടർ ഫോറങ്ങൾക്ക് നമ്പർ നൽകാതെയാണ് സ്റ്റോക്കിൽ സൂക്ഷിച്ചിട്ടുള്ളത്. ആയതിനാൽ ഓരോ പ്രവൃത്തിക്കും എത്ര ടെണ്ടർ ഫോറങ്ങൾ വിറ്റിട്ടുണ്ടെന്നും എത്ര ടെണ്ടറിൽ ഫോറങ്ങൾ സമർപ്പിച്ചിട്ടുണ്ടെന്നും, പഞ്ചായത്തിൽ നിന്നും ടെണ്ടർ ഫോറം വാങ്ങിയിട്ടുള്ള എല്ലാ കരാറുകാരും ടെണ്ടർ സമർപ്പിച്ചിട്ടുണ്ടോ എന്നും സമർപ്പിച്ച ടെണ്ടർ ഫോറങ്ങൾ എല്ലാം ടെണ്ടർ രജിസ്റ്ററിൽ ചേർത്തിട്ടുണ്ടോ എന്നും ആയവ പ്രകാരം ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ടോ എന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ മുദ്ര പതിക്കാത്തതും ക്രമ നമ്പർ ഇല്ലാത്തതുമായ ടെണ്ടർ ഫോറങ്ങളിലാണ് പല പ്രവൃത്തികളുടെയും ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. അതിനാൽ ടെണ്ടർ ഫോറങ്ങൾ ഈ ഗ്രാമപഞ്ചായത്തിൽ നിന്നു തന്നെ വാങ്ങിയവയാണെന്ന് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല (ഉദാ: പ്രോജക്ട് നമ്പർ 102/19, ചോലവയൽ ചങ്ങലാംകുന്ന് റോഡ് സൈഡ് സംരക്ഷണം മണ്ണ് ഫില്ലിംഗ്). ടെണ്ടർ ഫോറം വിൽപ്പനയിലെ അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

3) 2017-18, 2018-19 വർഷങ്ങളിലെ 3 വീതം വാല്യം ടെണ്ടർ രജിസ്റ്ററുകളാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. ഇതിൽ 2017-18- ലെ രജിസ്റ്ററുകളിലെ വാല്യം 1-ലെ 40 മുതൽ 100 വരെ പേജുകളിലും വാല്യം 3-ലെ 89 മുതൽ 100 വരെ പേജുകളിലും 2018-19 ലെ രജിസ്റ്ററുകളിലെ വാല്യം 3-ലെ 95 മുതൽ 100 വരെ പേജുകളിലും എന്നും

രേഖപ്പെടുത്തിയിട്ടില്ല. ഈ പേജുകൾ റദ്ദ് ചെയ്ത് അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. 2018-19 ലെ രജിസ്റ്ററുകളിലെ വാല്യം 2-ലെ 61 മുതൽ 72 വരെ പേജുകളിൽ പ്രവൃത്തികളുടെ പേര് മാത്രം രേഖപ്പടുത്തി സൂക്ഷിച്ചിട്ടുള്ളത് മേൽ പ്രവൃത്തികളിൽ കരാറുകാർ പങ്കെടുത്തോയില്ലയോ റദ്ദുചെയ്തോ എന്നീ വിവരങ്ങൾ എന്നും രേഖപ്പെടുത്തി കാണുന്നില്ല. ടെണ്ടർ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ എന്നും അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ടെണ്ടറിൽ പങ്കെടുത്ത കരാറുകാരുടെ ഒപ്പും പലതിലും വാങ്ങിയിട്ടില്ല.

4) വർക്ക് ഫയലുകളോടോപ്പം നോട്ട് ഫയൽ ഇല്ല. ഫയലിന് പേജ് നമ്പർ നൽകിയിട്ടില്ല. ടെണ്ടർ പരസ്യത്തിന്റെ വിവരങ്ങളില്ല. ടെണ്ടറുകളുടെ താരതമ്യ പത്രികയില്ല. റീടെണ്ടറുകൾ നടത്തിയവയുടെ കാര്യത്തിൽ മുമ്പ് നടത്തിയ ടെണ്ടറിന്റെ വിവരമില്ല. അക്ഷരത്തിൽ നിരക്ക് രേഖപ്പെടുത്താത്ത ടെണ്ടറുകൾ നിരസിക്കുന്നില്ല. ടെണ്ടർ ഫോറങ്ങളിൽ പലതിലും കരാറുകരൻ രേഖപ്പടുത്തിയ നിരക്കുകൾ ടെണ്ടർ തുറന്ന ഉദ്യോഗസ്ഥൻ അക്ഷരത്തിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രവൃത്തികളുടെ എസ്റ്റിമേറ്റിനോടൊപ്പം ലൊക്കേഷൻ മാപ്പും ഡ്രോയിങ്ങും ഇല്ല. റോഡ് പ്രവൃത്തികളുടെ ചെയ്നേജ് എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയിട്ടില്ല. പല പ്രവൃത്തികളുടെയും കരാറുടമ്പടിയിൽ പൂർത്തികരണ തീയതി രേഖപ്പെടുത്തിയിട്ടില്ല. സെലക്ഷൻ നോട്ടീസും സൈറ്റ് കൈമാറിയതിന്റെ രേഖയുമില്ല. അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

5) തൻ വർഷം നടപ്പിലാക്കിയ ടാറിംഗ് പ്രവൃത്തിയുടെ ഒന്നിന്റെയും ഒറിജിനൽ ടാർ ബില്ലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഒറിജിനൽ ടാർ ബില്ലുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

6) റോഡ് രജിസ്റ്റർ, റോഡ് കണക്കുവിറ്റി ഭൂപടം എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പദ്ധതി മാർഗ്ഗ രേഖ [ജി.ഒ.(എം.എസ്)നം. 72/2017/തസ്വഭവ, 29.03.2017] ഖണ്ഡിക 12.1 അനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കണക്കുവിറ്റി ഭൂപടം തയ്യാറാക്കാൻ പദ്ധതി നടപ്പിലാക്കേണ്ടതാണ്. റോഡ് കണക്കുവിറ്റി ഭൂപടം തയ്യാറാക്കി അറിയിക്കേണ്ടതാണ്.

7) ഇ-ടെണ്ടർ ഫോറങ്ങളുടെ ഫീസ് ഗ്രാമപഞ്ചായത്തിൽ വരവ് വന്നിട്ടില്ല. ടെണ്ടർ രജിസ്റ്റർ പ്രകാരം 2018 -19 വർഷത്തിൽ 3 ഇ-ടെണ്ടറുകളിൽ കരാറുകാർ ടെണ്ടർ സമർപ്പിച്ചിട്ടുണ്ട്. 2018 -19 വർഷത്തിന് മുമ്പും അതിനുശേഷവും നടത്തിയ ഇ -ടെണ്ടറുകളുടെ ടെണ്ടർ ഫോറം വിലയും ഗ്രാമപഞ്ചായത്തിൽ വരവ് രേഖപ്പെടുത്തിയിട്ടില്ല. തദ്ദേശ സ്വയം ഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ അടവാക്കപ്പെട്ടിട്ടുള്ള ഇ-ടെണ്ടർ ഫോറങ്ങളുടെ തുക ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

8) എ )തൻ വർഷം നടപ്പിലാക്കിയ പല പ്രവൃത്തികളും കരാറുകാരിൽ നിന്നും സമ്മതപത്രം വാങ്ങി കരാറുടമ്പടി വെച്ച് നടപ്പിലാക്കിയതായാണ് കാണുന്നത്. ഈ സമ്മതപത്രങ്ങളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ടെണ്ടറോ ക്വട്ടേഷനോ ഇല്ലാതെ കരാറുകാരുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കിയത് ഏത് വ്യവസ്ഥ പ്രകാരമാണെന്ന് അറിയിക്കേണ്ടതാണ്. മേൽ പറഞ്ഞ രീതിയിൽ നടപ്പിലാക്കിയ പ്രവൃത്തികളിൽ തന്നെ ശ്രീ. എൻ. വി. ബാബു എന്ന കരാറുകാരൻ നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്നതിന് കരാറുകാരൻ സമർപ്പിച്ചിട്ടുള്ള സമ്മതപത്രത്തിലും കരാറുടമ്പടിയിലും രണ്ട് വ്യക്തികളാണ് ഒപ്പിട്ടതായി കാണുന്നത്.

i) എസ്. 0269/19, ചുള്ളിയണ കൈയ്യേരിമൂല കക്കടവ് റോഡ് ടാറിംഗ്, റോഡ് സൈഡ്കെട്ട്.

ii) എസ്. 0268/19, ചേര്യംക ല്ലി പുഴക്കടവ് റോഡ് ടാറിംഗ്.

ബി) തൻ വർഷം നടപ്പിലാക്കിയ താഴെ പറയുന്ന പ്രവർത്തികളുടെ ഫയലിൽ ടെണ്ടർ/ക്വട്ടേഷൻ/സമ്മത്രമോ ഇല്ല.

i) എസ്. 0388/18, പുതുശ്ശേരി അമ്പലം റോഡ് കോൺക്രീറ്റ്, മണ്ണ് ഫില്ലിംഗ് (കരാറുകാരൻ - സൈഫുദീൻ ടി., ഉടമ്പടി നം. 153/17-18, 31.03.2018).

ii) എസ്. 0164/18, ചിറ്റാലകുന്ന് റോഡ് കോൺക്രീറ്റ്, (കരാറുകാരൻ - ഇസ്മായിൽ ടി., ഉടമ്പടി നം. 122/17-18, 17.03.2018).

iii) എസ്. 0364/18, കുറുമണി ട്രൈബൽ വായന ശാല നവീകരണം, (കരാറുകാരൻ - കെ.കെ. മൊയ്തു, ഉടമ്പടി നം. 94/17-18, 12.03.2018).

iv) എസ്. 0094/18, കാട്ടുപാലിയണക്കുന്ന് എസ്.സി. കമ്മ്യൂണിറ്റി ഹാൾ റോഡ് സൈഡ്കെട്ട് (കരാറുകാരൻ - എൻ. വി. ബാബു, ഉടമ്പടി നം. 59/17-18, 19.03.2018).

v) എസ്. 0261/19, ചുള്ളിയണ വേങ്ങേരികുന്ന് റോഡ് ടാറിംഗ്, (കരാറുകാരൻ - ഷിബി ഏടാട്ട്, ഉടമ്പടി നം. 70/17-18, 27.01.2018).

9) 2018-19 വർഷത്തിൽ എഗ്രിമെന്റ് വെച്ച പല പ്രവൃത്തികളും നാളിതുവരെ പൂർത്തിയായതായി കാണുന്നില്ല. എഗ്രിമെന്റ് പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട് സമയതത്തിനുള്ളിൽ പൂർത്തിയാക്കാത്ത കരാറുകരിൽ നിന്നും കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2116.1 -ാം വകുപ്പ് അനുസരിച്ച് കരാർ തുകയുടെ 0.1% തുക ഒരോ ആഴ്ചയും ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടതാണ്. കരാറുകർക്കെതിരെ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

മേൽ പറഞ്ഞ ന്യൂനതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ന്യൂനതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ന്യൂനതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-30 മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കാത്തതിനെതിരെ നടപടി സ്വീകരിച്ചിട്ടില്ല.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2112 വകുപ്പ് പ്രകാരം പൂർത്തികരണകാലാവധി ദീർഘീകരണത്തിന് കാലാവധി തീരുന്നതിന് മുമ്പ് കരാറുകാരൻ അസി. എഞ്ചിനീയർ മുഖേനെ അപേക്ഷിക്കേണ്ടതാണ്. ദീർഘിപ്പിക്കുന്ന കാലയളവ് ഒറ്റതവണ, പൂർത്തീകരണത്തിന് അനുവദിച്ച കാലാവധിയുടെ 25% ത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം പൂർത്തികരണത്തിന് അനുവദിച്ച കാലാവധിയുടെ 50% -ത്തിൽ അധികരിക്കാൻ പാടില്ലാത്തതുമാണ്. 2112.1 വകുപ്പ് അനുസരിച്ച് പൂർത്തികണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ടിവരുന്ന ഘട്ടത്തിൽ പിഴ ഈടാക്കേണ്ടതാണ്. കൂടാതെ, ദീർഘീകരണ അനുമതി ലഭിക്കാതെ പൂർത്തികരണകാലാവധിക്ക് ശേഷം നിർവ്വഹിച്ച പ്രവർത്തികൾ അനധികൃതമാണ്. അതിന് തുക നൽകാവുന്നതുമല്ല.

പൊതുമരാമത്ത് മാന്വൽ പ്രകാരം പിഴയോട്ടുകൂടിയല്ലാതെ കാലാവധി ദീർഘീകരണം അനുവദിക്കാവുന്നതല്ല. ആദ്യ ദീർഘീകരണം കരാർ തുകയുടെ 1% -വും പിന്നീട്ടുള്ള ദീർഘീകരണം കരാർ തുകയുടെ 2%-വും പിഴയായി ചുമത്തികൊണ്ടാണ് നടത്തേണ്ടത്.

പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2116.1 വകുപ്പനുസരിച്ച് കരാറുടമ്പടിയിലെ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടാൽ കരാർ റദ്ദ് ചെയ്ത് പ്രവൃത്തി മറ്റ് വിധത്തിൽ പൂർത്തിയാക്കാവുന്നതാണ്. കരാറുകാരൻ പ്രവൃത്തിയിൽ നിർദ്ദിഷ്ട പുരോഗതി കൈവരിക്കാത്തതിനോ, നിശ്ചിത സമയപരിധിക്കകം പൂർത്തികരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്തതിനോ കരാർ തുകയുടെ 0.1% ഒരോ ആഴ്ചക്കും ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടതാണ്. 2116.2 വകുപ്പ് അനുസരിച്ച് അവശേഷിക്കുന്ന പ്രവൃത്തിയുടെ 30% തുക കരാറുഉടമ്പടി ലംഘിച്ച കരാറുകാരനിൽ നിന്നും ഈടാക്കി പ്രവൃത്തി മറ്റൊരാളെ എൽപ്പിക്കാവുന്നതുമാണ്.

ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പല മരാമത്ത് പ്രവൃത്തികളും യഥാസമയം പൂർത്തിയാക്കിയിട്ടില്ല. പ്രസ്തുത പ്രവൃത്തികളുടെ കരാറുകാർ പൂർത്തികരണത്തിന് അധിക സമയം ആവശ്യപ്പെട്ടു കൊണ്ട് അപേക്ഷ സമർപ്പിച്ചിട്ടില്ല. നിയമ പ്രകാരം പൂർത്തികരണകാലാവധിക്ക് ശേഷം നിർവ്വഹിച്ച പ്രവർത്തികൾ അനധികൃതമാണ് ആയതിന് തുക അനുവദിക്കാവുന്നതല്ല. എന്നാൽ യഥാസമയം പ്രവൃത്തി പൂർത്തിയാക്കാത്ത

കരാറുകാർക്കെതിരെ യാതൊരു നിയമ നടപടികളും കൈകൊണ്ടിട്ടില്ല എന്നു മാത്രമല്ല നിശ്ചിത സമയപരിധിക്കകം പൂർത്തീകരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്തതിന് നിയമപ്രകാരം ഈടാക്കേണ്ട ലിക്വിഡേറ്റഡ് ഡാമേജ് ഇനത്തിലുള്ള തുക പോലും ഈടാക്കാതെ മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ട്.

കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

I)മഞ്ചേരിപ്പടി റോഡ് ടാറിംഗ്.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.00248/19 |
| അടങ്കൽ | 400000/- രൂപ<br>(സംരക്ഷണ ഗ്രാന്റ്) |
| ചെലവ് | ₹394740/-[ട്രഷറി ബിൽ നം. 80/18-19) |
| എം. ബുക്ക് നമ്പർ | 230/18-19 |
| കരാറുകാരൻ | ശ്രീ. എ.സി.നാസർ |
| കരാറുടമ്പടി നമ്പർ | 37/17-18, 19/12/2017 |
| പൂർത്തീകരണ കാലാവധി | 3 മാസം (18/03/2018) |
| പ്രവൃത്തി ആരംഭിച്ച തീയതി | 08.10.2018 (എം. ബുക്ക് പേജ് നം. 1) |
| പൂർത്തിയാക്കിയ തീയതി | 27.11.2018<br>(എം. ബുക്ക് പേജ് നം. 6) |
| കാലതാമസം | 254 ദിവസങ്ങൾ (36 ആഴ്ചകൾ) |
| കരാർ തുക | ₹399314/- |
| ലിക്വിഡേറ്റഡ് ഡാമേജ് ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക | 399314 X 36 X .1/100 = ₹14375/- |

II) ടീച്ചർമുക്ക് റഹ്മാനിയ പള്ളി റോഡ് സൈഡ്കെട്ട് മണ്ണ് ഫില്ലിംഗ്.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.0248/19 |
| അടങ്കൽ | 200000/- രൂപ (സംരക്ഷണ ഗ്രാന്റ്) |
| ചെലവ് | ₹154819/-[ട്രഷറി ബിൽ നം. 72/18-19, 26.02.2019) |
| എം. ബുക്ക് നമ്പർ | 114/18-19 |
| കരാറുകാരൻ | ശ്രീ. എ.സി.നാസർ |
| കരാറുടമ്പടി നമ്പർ | 40/17-18, 19/12/2017 |
| പൂർത്തീകരണ കാലാവധി | 2 മാസം (18/02/2018) |
| പ്രവൃത്തി ആരംഭിച്ച തീയതി | 08.10.2018 (എം. ബുക്ക് പേജ് നം. 1 ) |
| | |

| | |
|---|---|
| പൂർത്തിയാക്കിയ തീയതി | 23.10.2018 (എം. ബുക്ക് പേജ് നം. 4) |
| ~~കാലതാമസം~~ | 247 ദിവസങ്ങൾ (35ആഴ്ചകൾ) |
| കരാർ തുക | ₹198243/- |
| ലിക്വിഡേറ്റഡ് ഡാമേജ് ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക | 198243 X 35 X .1/100 = ₹6939/- |

III) ടീച്ചർമുക്ക് കൊറ്റിയോട്കുന്ന് റോഡ് സൈഡ്കെട്ട് .

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0251/19 |
| അടങ്കൽ | 200000/- രൂപ (സംരക്ഷണ ഗ്രാന്റ്) |
| ചെലവ് | ₹166749/-[ട്രഷറി ബിൽ നം. 73/18-19, 26.02.2019) |
| എം. ബുക്ക് നമ്പർ | 105/18-19 |
| കരാറുകാരൻ | ശ്രീ. എ.സി.നാസർ |
| കരാറുടമ്പടി നമ്പർ | 43/17-18, 19/12/2017 |
| പൂർത്തികരണ കാലാവധി | എസ്ററിമേറ്റിലും കരാറിലും രേഖപ്പെടുത്തിയിട്ടില്ല. അയതിനാൽ പ്രോജക്ടേ് പ്രകാരം നൽകാവുന്ന പരമാവധി സമയം 31.03.2018 വരെയാണ്. |
| പ്രവൃത്തി ആരംഭിച്ച തീയതി | 24.10.2018 (എം. ബുക്ക് പേജ് നം. 1 ) |
| പൂർത്തിയാക്കിയ തീയതി | 16.11.2018 (എം. ബുക്ക് പേജ് നം. 6) |
| കാലതാമസം | 230 ദിവസങ്ങൾ (32ആഴ്ചകൾ) |
| കരാർ തുക | ₹196069/- |
| ലിക്വിഡേറ്റഡ് ഡാമേജ് ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക | 196069/X 32 X .1/100 = ₹6274/- |

IV)ബാങ്ക്കുന്ന് പ്രാഥമിക ആരോഗ്യകേന്ദ്രം റോഡ് സൈഡ്കെട്ട് മണ്ണ് ഫില്ലിംഗ്.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0100/18 |
| അടങ്കൽ | 200000/- രൂപ (സംരക്ഷണ ഗ്രാന്റ്) |
| | |

| | |
|---|---|
| ചെലവ് | ₹200000/-(ട്രഷറി ബിൽ നം. 76/18-19, 26.02.2019) |
| എം. ബുക്ക് നമ്പർ | 221/18-19 |
| കരാറുകാരൻ | ശ്രീ. എ.സി.നാസർ |
| കരാറുടമ്പടി നമ്പർ | 42/17-18, 19/12/2017 |
| പൂർത്തികരണ കാലാവധി | എസ്റ്ററിമേറ്റിലും കരാറിലും രേഖപ്പടുത്തിയിട്ടില്ല. അയതിനാൽ പ്രോജക്ട് പ്രകാരം നൽകാവുന്ന പരമാവധി സമയം 31.03.2018 വരെയാണ്. |
| പ്രവൃത്തി ആരംഭിച്ച തീയതി | 5.11.2018 (എം. ബുക്ക് പേജ് നം. 1 ) |
| പൂർത്തിയാക്കിയ തീയതി | 10.12.2018 (എം. ബുക്ക് പേജ് നം. 5) |
| കാലതാമസം | 254 ദിവസങ്ങൾ (36ആഴ്ചകൾ) |
| കരാർ തുക | ₹198718/- |
| ലിക്വിഡേറ്റഡ് ഡാമേജ് ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക | 198718 X 36 X .1/100 = ₹7154/- |

അപാകതൾ ചൂണ്ടിക്കാണിച്ച് നൽകിയ 21.10.2019 - ലെ ഓഡിറ്റ് എൻക്വയറി നം. 17/2018-19 - ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

കരാർ ലംഘനം നടത്തിയ കരാറുകരിൽ നിന്ന് ലിക്വിഡേറ്റഡ് ഡാമേജ് ഇനത്തലുള്ള തുക ഈടാക്കി അറിയിക്കേണ്ടതാണ്.

# 1-31 മരാമത്ത് പ്രവൃത്തികളുടെ രേഖകൾ ഹാജരാക്കിയിട്ടില്ല.

അസി. എഞ്ചനീയർ തൻവർഷം ട്രഷറിയിൽ നിന്നും പിൻവലിച്ച തുകകളുടെ രേഖകൾ പരിശോധയ്ക്ക് ഹാജരാക്കാത്തതിനാൽ ₹488757/- യുടെ ചെലവ് അംഗീകരിക്കുന്നില്ല. വിശദാംശങ്ങൾക്ക് ഈ റിപ്പേർട്ടിലെ ഖണ്ഡിക നം. 3-2 കാണുക

# 1-32 ടെണ്ടർ ഫോറത്തിന്റെ വിതരണത്തിന്റെയും സ്റ്റോക്കിന്റെയും കൃത്യമായ വിവരങ്ങൾ സൂക്ഷിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 19.07.2017 -ൽ 250 ടെണ്ടർ ഫോറങ്ങൾ സ്റ്റോക്കിലുണ്ട് (സ്റ്റോക്ക് രജിസ്റ്റർ പേജ് നം. 171). പ്രസ്തുത ടെണ്ടർ ഫോറങ്ങൾ തൻവർഷം ആർക്കും വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ 2018-19 വർഷത്തെ സ്റ്റോക്ക് രജിസ്റ്ററിൽ ടെണ്ടർ ഫോറങ്ങളുടെ ഓപ്പണിംഗ് സ്റ്റോക്കിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. 19.09.2018 മുതലുള്ള ടെണ്ടർ ഫോറങ്ങളുടെ സ്റ്റോക്കിന്റെ വിവരങ്ങളാണ് 2018-19 വർഷത്തെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത് (പേജ് നം. 2). 19.09.2018 - ൽ 300 ടെണ്ടർ ഫോറങ്ങൾ ഗ്രാമലക്ഷമി മുദ്രാലയത്തിൽ നിന്നും ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന് ആധാരമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 9.10.2019 - ൽ നടത്തിയ ടെണ്ടർ ഫോറം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയിൽ 16 ടെണ്ടർ ഫോറങ്ങളാണ് സ്റ്റോക്കിൽ ഉണ്ടായിരുന്നത്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ അനുസരിച്ച് 50 ടെണ്ടർ ഫോറങ്ങളാണ് ബാക്കിയുള്ളത്.

19.09.2018 മുതൽ 9.10.2019 വരെ സ്റ്റോക്ക് രജിസ്റ്റർ അനുസരിച്ച ടെണ്ടർ ഫോറങ്ങൾ വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | വിതരണം നടത്തിയ തീയതി | ടെണ്ടർ ഫോറങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | ഓവർസീയർ | 22.10.2018 | 100 |
| 2 | അസി. എഞ്ചിനീയർ | 03.12.2018 | 50 |
| | | 16.09.2019 | 100 |
| ആകെ | | | 250 |

സ്റ്റോക്കിലുണ്ടായിരുന്ന ടെണ്ടർ ഫോറങ്ങൾളിൽ പഞ്ചായത്തിന്റെ മുദ്ര പതിച്ച് നമ്പർ നൽകിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്ത ടെണ്ടർ ഫോറങ്ങൾ ഏതെല്ലാം നമ്പറുകളിൽ ഉള്ളതാണെന്ന് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്ററും വിതരണ രജിസ്റ്ററും കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

## 1-33 പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി- വിനിയോഗ സാക്ഷ്യപത്രം,ഭൗതികനേട്ട റിപ്പോർട്ട് എന്നിവ ഹാജരാക്കാത്തതിനാൽ ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

പ്രോജക്ട് നമ്പർ എസ്. 0018/19 പ്രകാരം പ്രത്യേക കന്നുകുട്ടി പരിപാലനം എന്ന പദ്ധതിയുടെ നടത്തിപ്പിനായി പൊതുവിഭാഗം വികസന ഫണ്ട് ₹625000/- ട്രഷറി ബിൽ നം. 10/18-19, തീയതി 15.03.2019 പ്രകാരം ഡെപ്യൂട്ടി ഡയറക്ടറുടെ (മൃഗസംരക്ഷണം, വയനാട്) ട്രഷറി അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ - 718011400000021) കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ കൈപ്പറ്റ് രശീതി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രസ്തുത പ്രോജക്ടിനുവേണ്ടി പിരിച്ച ഗുണഭോക്തൃവിഹിതം ഗ്രാമപഞ്ചായത്തിൽ അടവാക്കാതെ നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ട് ചെലവഴിക്കുകയാണ് ചെയ്തത്. ആയത് ശരിയായ നടപടിയല്ല. ഗുണഭോക്തൃവിഹിതം പിരിക്കുന്നത് ഗ്രാമപഞ്ചായത്തിൽ അടവാക്കി ആയത് ആവശ്യാനുസരണം പിൻവലിച്ചാണ് ചെലവഴിക്കേണ്ടത്.

..

പ്രസ്തുത പദ്ധതി പൂർത്തിയാകാത്തതിനാൽ ചെലവ് തുകയുടെ വിനിയോഗ സാക്ഷ്യപത്രവും പദ്ധതിയുടെ ഭൗതികനേട്ട റിപ്പോർട്ടും പരിശോധന ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക ₹6,25,000/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. പ്രോജക്ട് പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രവും പദ്ധതിയുടെ ഭൗതികനേട്ട റിപ്പോർട്ടും ഹാജരാക്കേണ്ടതാണ്.

..

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

# 3-1 കുറഞ്ഞ നിരക്കിലുള്ള ടെണ്ടറുകൾ അംഗീകരിക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് ₹196923/- നഷ്ടം.

18.07.2018 – ന് പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിന്റെ അസി. എഞ്ചിനീയർ നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറുകളിൽ ചില പ്രവൃത്തിയുടെ ടെണ്ടർ റദ്ദുചെയ്യുകയും പിന്നീട് വീണ്ടും ടെണ്ടർ നടത്തി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. റദ്ദുചെയ്ത ടെണ്ടറുകളിലെല്ലാം രണ്ടിൽ കൂടുതൽ സാധുവായ ബിഡുകൾ ഉള്ളതായാണ് കാണുന്നത്. ഭരണസമിതിയുടെ 31.07.2018 -ലെ 135/18(3)ാം നമ്പർ തീരുമാന പ്രകാരമാണ് ടെണ്ടറുകളുടെ അംഗീകരം നിഷേധിച്ചിട്ടുള്ളത്. എന്നാൽ അംഗീകാരം നൽകാത്തതിനുള്ള കാരണം രേഖപ്പെടുത്തിയിട്ടില്ല. ടെണ്ടറുകൾ റദ്ദുചെയ്യുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ശുപാർശ ചെയ്തതായും കാണുന്നില്ല. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗ മിനിട്ട്സ് ബുക്കിൽ പ്രസ്തുത ടെണ്ടർ നടപടികൾ സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല. ഭരണ സമിതിയുടെ 05.09.2018 -ലെ 164/18(2)ാം നമ്പർ തീരുമാന പ്രകാരം പ്രവൃത്തികൾ റീടെണ്ടർ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

പ്രസ്തുത പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

I) <u>കരിപ്പാലപ്പടി ഇല്ലിച്ചിറ നടപ്പാത കോൺക്രീറ്റ്.</u>

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്. 0072/19 |
| അടങ്കൽ | ₹300000/- (സംരക്ഷണ ഗ്രാന്റ്) |
| ചെലവ് | ₹282627/-[ട്രഷറി ബിൽ നം. -89/18-19, 13/03/2019] |
| പ്രവൃത്തി മൂല്യം | ₹292272/- |
| എം. ബുക്ക് നം. | 235/17-18 |
| കരാറുകാരൻ | ശ്രീ. നാസർ എ.സി. |
| കരാറുടമ്പടി നം. | 58/18-19, 28/11/2018 |

മേൽ പ്രവൃത്തിയുടെ ടെണ്ടറിൽ 5 കരാറുകാർ പങ്കെടുത്തിട്ടുണ്ട്. ടെണ്ടറിൽ പങ്കെടുത്ത കരാറുകാരുടെയും അവർ ബിഡിൽ രേഖപ്പെടുത്തിയ നിരക്കും താഴെ കൊടുക്കുന്നു.

| ക്രമ നം. | കരാറുകാരൻ | ടെണ്ടറിൽ രേഖപ്പെടുത്തിയ നിരക്ക് |
|---|---|---|
| 1 | കെ. എ.ജോസഫ് | 7.00% കുറവ് |
| 2 | ശിവദാസൻ കെ. | 8.00% കുറവ് |
| 3 | ഷഹീർ സി.എം. | 7.10% കുറവ് |
| 4 | വിനു വി.ജെ. | 9.60% കുറവ് |
| 5 | സുലൈമാൻ ആയാട്ട് | 13.10% കുറവ് |

[സുലൈമാൻ ആയാട്ട് 13.10% കുറവ് എന്നാണ് ടെണ്ടർ ഫോറത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ടെണ്ടർ ഫോറം രജിസ്റ്ററിൽ 13% കുറവ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടെണ്ടർ ഫോറം രജിസ്റ്ററിലും ടെണ്ടർ ഫോറത്തിലും കരാറുകാർ രേഖപ്പെടുത്തിയ നിരക്ക് അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.]

പ്രസ്തുത പ്രവൃത്തി 08.11.2018 -ന് റീടെണ്ടർ നടത്തുകയും ഇതിൽ പങ്കെടുത്ത രണ്ടു കാരാറുകാരിൽ 3.3% കുറവ് നിരക്ക് രേഖപ്പെടുത്തിയ ശ്രീ. നാസർ എ.സി. എന്ന കരാറുകാരനെ പ്രവൃത്തി ഏൽപ്പിക്കുകയും ചെയ്തു. ശ്രീ. സുലൈമാൻ ആയാട്ടിന്റെ 13.10% കുറവ് നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കാത്തതിനാൽ പ്രവൃത്തി മൂല്യത്തിന്റെ 9.8% (13.10 - 3.3) തുക അതായത് ₹28643/- (292272 X 9.8%) ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്.

II) <u>പാണ്ടൻകോട് പൊതു ശ്മശാനത്തിന് ചുറ്റുമതിൽ നിർമ്മാണം .</u>

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്. 0129/19 |
| അടങ്കൽ | ₹495000/- (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | ₹461139/-[ട്രഷറി ബിൽ നം. -118/18-19, 21/03/2019] |
| പ്രവൃത്തി മൂല്യം | ₹461139/- |
| എം. ബുക്ക് നമ്പർ | 231/17-18 |
| കരാറുകാരൻ | ശ്രീ. വിനു വി.ജെ. |
| കരാറുടമ്പടി നം. | 67/18-19, 28/11/2018 |

മേൽ പ്രവൃത്തിയുടെ 18.07.2018 - ലെ ടെണ്ടറിൽ 3 കരാറുകാർ പങ്കെടുത്തിട്ടുണ്ട്. ടെണ്ടറിൽ പങ്കെടുത്ത കരാറുകാരുടെയും അവർ ബിഡിൽ രേഖപ്പെടുത്തിയ നിരക്കും താഴെ കൊടുക്കുന്നു.

| ക്രമ നം. | കരാറുകാരൻ | ടെണ്ടറിൽ രേഖപ്പെടുത്തിയ നിരക്ക് |
|---|---|---|
| 1 | സുലൈമാൻ ആയാട്ട് | 10.2% കുറവ് |
| 2 | സിയാബ് കെ.ബി. | 4.7% കുറവ് |
| 3 | ശിവദാസൻ കെ. | 9% കുറവ് |

മേൽ പ്രവൃത്തി 08.11.2018 -ന് റീടെണ്ടർ നടത്തുകയും ഇതിൽ പങ്കെടുത്ത ഏകകരാറുകാരനായ ശ്രീ. വിനു വി.ജെ. -യെ എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി ഏൽപ്പിക്കുകയും ചെയ്തു.

ശ്രീ. സുലൈമാൻ ആയാട്ടിന്റെ കുറവ് നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കാത്തതിനാൽ പ്രവൃത്തി മൂല്യത്തിന്റെ 10.2% തുക അതായത് ₹47036/- ( 461139 X 10.2%) ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്.

III) <u>കാപ്പുംകുന്ന് പി.എച്ച്.സി. ബൈപ്പാസ് നടപ്പാത കോൺക്രീറ്റ്.</u>

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്. 0086/19 |
| അടങ്കൽ | ₹200000/- (സംരക്ഷണ ഗ്രാന്റ്) |
| ചെലവ് | ₹200000/-[ട്രഷറി ബിൽ നം. -110/18-19, 21/03/2019] |
| [illegible] | [illegible] |

| | |
|---|---|
| പ്രവൃത്തി മൂല്യം | ₹200000/- (കരാർ തുക: ₹196484/-) |
| എം. ബുക്ക് നം. | 248/17-18 |
| കരാറുകാരൻ | ശ്രീ. വിനു വി.ജെ. |
| കരാറുടമ്പടി നം. | 92/18-19, 18/01/2019 |

.മേൽ പ്രവൃത്തിയുടെ 18.07.2018 - ലെ ടെണ്ടറിൽ 5 കരാറുകാർ പങ്കെടുത്തിട്ടുണ്ട്. ടെണ്ടറിൽ പങ്കെടുത്ത കരാറുകാരുടെയും അവർ ബിഡിൽ രേഖപ്പെടുത്തിയ നിരക്കും താഴെ കൊടുക്കുന്നു.

| ക്രമ നം. | കരാറുകാരൻ | ടെണ്ടറിൽ രേഖപ്പെടുത്തിയ നിരക്ക് |
|---|---|---|
| 1 | അബ്ദുൾ ബാരി | 9.9% കുറവ് |
| 2 | പൈലി ഡി.എം. | 8.67% കുറവ് |
| 3 | ഇസ്മായിൽ ടി. | 7.7% കുറവ് |
| 4 | റഫീഖ് കെ.എം. | 7.1% കുറവ് |
| 5 | സതീഷ് ജോസ് | 5% കുറവ് |

.മേൽ പ്രവൃത്തി 08.11.2018 -ന് റീടെണ്ടർ നടത്തുകയും ഇതിൽ പങ്കെടുത്ത ഏകകരാറുകാരനായ ശ്രീ. വിനു വി.ജെ. -യെ എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി ഏൽപ്പിക്കുകയും ചെയ്തു.

ശ്രീ. അബ്ദുൾ ബാരിയുടെ കുറവ് നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കാത്തതിനാൽ പ്രവൃത്തി മൂല്യത്തിന്റെ 9.9% തുക അതായത് ₹19452/- ( 196484 X 9.9%) ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്. മേൽ പറഞ്ഞതിന് പുറമേ പ്രവൃത്തി മൂല്യതുക കരാർ തുകയായ ₹196484/- പരിമിതപ്പെടുത്താതെ നിർവ്വഹണ ഉദ്യോഗസ്ഥൻ തുക അനുവദിച്ചതിനാൽ ₹3516/- (200000 - 196484) ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്.

IV) എസ്.ടി. ശ്മശാനം കയറ്റം നടപ്പാത കോൺക്രീറ്റ്.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്. 0128/19 |
| അടങ്കൽ | ₹200000/- (സംരക്ഷണ ഗ്രാന്റ്) |
| ചെലവ് | ₹200000/-[ട്രഷറി ബിൽ നം. -81/18-19, 31/12/2018] |
| പ്രവൃത്തി മൂല്യം | ₹200000/- (കരാർ തുക: ₹197776/-) |
| എം. ബുക്ക് നം. | 227/17-18 |
| കരാറുകാരൻ | ശ്രീ. ഷിബി ഇ. |
| കരാറുടമ്പടി നം. | 77/18-19, 03/12/2018 |

.മേൽ പ്രവൃത്തിയുടെ 18.07.2018 - ലെ ടെണ്ടറിൽ 3 കരാറുകാർ പങ്കെടുത്തിട്ടുണ്ട്. ടെണ്ടറിൽ പങ്കെടുത്ത കരാറുകാരുടെയും അവർ ബിഡിൽ രേഖപ്പെടുത്തിയ നിരക്കും താഴെ കൊടുക്കുന്നു.

| ക്രമ നം. | കരാറുകാരൻ | ടെണ്ടറിൽ രേഖപ്പെടുത്തിയ നിരക്ക് |
|---|---|---|
| 1 | വിനു വി.ജെ. | 6.6% കുറവ് |

| | | |
|---|---|---|
| 2 | ഷിബി ഇ. | എസ്റ്റിമേറ്റ് നിരക്ക് |
| 3 | മുഹമ്മദ് നിസാർ | നിരസിച്ചു. (ഇ.എം.ഡി. - ഇല്ല) |

മേൽ പ്രവൃത്തി 24.10.2018 -ന് റീടെണ്ടർ നടത്തുകയും ഇതിൽ പങ്കെടുത്ത ഏകകരാറുകാരനായ ശ്രീ. ഷിബി ഇ. -യെ എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി ഏൽപ്പിക്കുകയും ചെയ്തു.

ശ്രീ. വിനു വി.ജെ. -യുടെ കുറവ് നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കാത്തതിനാൽ പ്രവൃത്തി മൂല്യത്തിന്റെ 6.6% തുക അതായത് ₹13053/- (197776 X 6.6%) ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്. മേൽ പറഞ്ഞതിന് പുറമേ പ്രവൃത്തി മൂല്യതുക കരാർ തുകയായ ₹197776/- പരിമിതപ്പെടുത്താതെ നിർവ്വഹണ ഉദ്യോഗസ്ഥൻ തുക അനുവദിച്ചതിനാൽ ₹2224/- (200000 - 197776) ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്.

V) മുണ്ടൻകുറ്റി സബ്സെന്റർ ചുറ്റുമതിൽ.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്. 0101/19 |
| അടങ്കൽ | ₹150000/- (സംരക്ഷണ ഗ്രാന്റ്) |
| ചെലവ് | ₹135992/-[ട്രഷറി ബിൽ നം. -108/18-19, 21/03/2019] |
| പ്രവൃത്തി മൂല്യം | ₹135992/- |
| എം. ബുക്ക് നം. | 258/17-18 |
| കരാറുകാരൻ | ശ്രീ. ഷിബി ഇ. |
| കരാറുടമ്പടി നം. | 101/18-19, 22/01/2019 |

മേൽ പ്രവൃത്തിയുടെ 18.07.2018 - ലെ ടെണ്ടറിൽ 4 കരാറുകാർ പങ്കെടുത്തിട്ടുണ്ട്. ടെണ്ടറിൽ പങ്കെടുത്ത കരാറുകാരുടെയും അവർ ബിഡിൽ രേഖപ്പെടുത്തിയ നിരക്കും താഴെ കൊടുക്കുന്നു.

| ക്രമ നം. | കരാറുകാരൻ | ടെണ്ടറിൽ രേഖപ്പെടുത്തിയ നിരക്ക് |
|---|---|---|
| 1 | വിനു വി.ജെ. | 2.3% കുറവ് |
| 2 | ഷഹീർ സി.എം. | 8.1% കുറവ് |
| 3 | മുഹമ്മദ് നിസാർ | നിരസിച്ചു. (ഇ.എം.ഡി. - ഇല്ല) |
| 4 | ഷിബി ഇ. | എസ്റ്റിമേറ്റ് നിരക്ക് |

മേൽ പ്രവൃത്തി 24.10.2018 -ന് റീടെണ്ടർ നടത്തുകയും ഇതിൽ പങ്കെടുത്ത ഏകകരാറുകാരനായ ശ്രീ. ഷിബി ഇ. -യെ എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി ഏൽപ്പിക്കുകയും ചെയ്തു.

ശ്രീ. ഷഹീർ സി.എം. -ന്റെ കുറവ് നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കാത്തതിനാൽ പ്രവൃത്തി മൂല്യത്തിന്റെ 8.1% തുക അതായത് ₹11015/- ( 135992 X 8.1%) ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്.

VI) തോടൻ ഉസ്മാൻപടി നടപ്പാത കോൺക്രീറ്റ്.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്. 0088/19 |
| അടങ്കൽ | ₹200000/- (സംരക്ഷണ ഗ്രാന്റ്) |
| ചെലവ് | ₹200000/- [ട്രഷറി ബിൽ നം. -112/18-19, 21/03/2019] |

| | |
|---|---|
| പ്രവൃത്തി മൂല്യം | ₹200000/- (കരാർ തുക: ₹197994/-) |
| എം. ബുക്ക് നം. | 250/17-18 |
| കരാറുകാരൻ | ശ്രീ. വിനു വി.ജെ. |
| കരാറുടമ്പടി നം. | 101/18-19, 22/01/2019 |

മേൽ പ്രവൃത്തിയുടെ 18.07.2018 - ലെ ടെണ്ടറിൽ 6 കരാറുകാർ പങ്കെടുത്തിട്ടുണ്ട്. ടെണ്ടറിൽ പങ്കെടുത്ത കരാറുകാരുടെയും അവർ ബിഡിൽ രേഖപ്പെടുത്തിയ നിരക്കും താഴെ കൊടുക്കുന്നു.

| ക്രമ നം. | കരാറുകാരൻ | ടെണ്ടറിൽ രേഖപ്പെടുത്തിയനിരക്ക് |
|---|---|---|
| 1 | മുഹമ്മദ് നിസാർ | 9.11% കുറവ് |
| 2 | സതീഷ് ജോസ് | 2.5% കുറവ് |
| 3 | റഫീഖ് കെ.എം. | 6.1% കുറവ് |
| 4 | രഘു ടി.വി. | 13.3% കുറവ് |
| 5 | പൈലി ഡി.എം. | 9.1% കുറവ് |
| 6 | ഇസ്മായിൽ ടി. | 7.8% കുറവ് |

മേൽ പ്രവൃത്തി 08.11.2018 -ന് റീടെണ്ടർ നടത്തുകയും ഇതിൽ പങ്കെടുത്ത ഏകകരാറുകാരനായ ശ്രീ. വിനു വി.ജെ. -യെ എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി ഏൽപ്പിക്കുകയും ചെയ്തു.

ശ്രീ. രഘു ടി.വി. -യുടെ കുറവ് നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കാത്തതിനാൽ പ്രവൃത്തി മൂല്യത്തിന്റെ 13.3% തുക അതായത് ₹26333/- (197994 X 13.3%) ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്. മേൽ പറഞ്ഞതിന് പുറമേ പ്രവൃത്തി മൂല്യതുക കരാർ തുകയായ ₹197994/- പരിമിതപ്പെടുത്താതെ നിർവ്വഹണ ഉദ്യോഗസ്ഥൻ തുക അനുവദിച്ചതിനാൽ ₹2006/- (200000 - 197776) ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്.

VII) അമ്പലപ്പടി പുഞ്ചമൂട്ടിൽ റോഡ് സൈഡ് കെട്ട്.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്. 0081/19 |
| അടങ്കൽ | ₹250000/- (സംരക്ഷണ ഗ്രാന്റ്) |
| ചെലവ് | ₹241675/- [വൗച്ചർ നം. -21/19-20, 12/07/2019] |
| പ്രവൃത്തി മൂല്യം | ₹241675/- |
| എം. ബുക്ക് നം. | 291/17-18 |
| കരാറുകാരൻ | ശ്രീ. വിനു വി.ജെ. |
| കരാറുടമ്പടി നം | 69/18-19, 28/11/2019 |

മേൽ പ്രവൃത്തിയുടെ 18.07.2018 - ലെ ടെണ്ടറിൽ 2 കരാറുകാർ പങ്കെടുത്തിട്ടുണ്ട്. ടെണ്ടറിൽ പങ്കെടുത്ത കരാറുകാരുടെയും അവർ ബിഡിൽ രേഖപ്പെടുത്തിയ നിരക്കും താഴെ കൊടുക്കുന്നു.

| ക്രമ നം. | കരാറുകാരൻ | ടെണ്ടറിൽ രേഖപ്പെടുത്തിയ നിരക്ക് |
|---|---|---|

| | | |
|---|---|---|
| 1 | സുലൈമാൻ | 11% കുറവ് |
| 2 | ശിവദാസൻ കെ. | 1% കുറവ് |

മേൽ പ്രവൃത്തി 08.11.2018 -ന് റീടെണ്ടർ നടത്തുകയും ഇതിൽ പങ്കെടുത്ത ഏകകരാറുകാരനായ ശ്രീ. വിനു വി.ജെ. -യെ എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി ഏൽപ്പിക്കുകയും ചെയ്തു.

ശ്രീ. സുലൈമാന്റെ കുറവ് നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കാത്തതിനാൽ പ്രവൃത്തി മൂല്യത്തിന്റെ 11% തുക അതായത് ₹26584/- ( 241675 X 11%) ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്.

VIII) കാലാപ്പള്ളി കൽവർട്ട്

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്. 0185/19 |
| അടങ്കൽ | ₹300000/- (സംരക്ഷണ ഗ്രാന്റ്) |
| ചെലവ് | ₹266740/-[വൗച്ചർ നം. -14/19-20, 12/07/2019] |
| പ്രവൃത്തി മൂല്യം | ₹266740/- |
| എം. ബുക്ക് നമ്പർ | 702/17-18 |
| കരാറുകാരൻ | ശ്രീ. റഫീഖ് കെ.എം. |
| കരാറുടമ്പടി നം. | 51/18-19, 26/11/2018 |

മേൽ പ്രവൃത്തിയുടെ 18.07.2018 - ലെ ടെണ്ടറിൽ 6 കരാറുകാർ പങ്കെടുത്തിട്ടുണ്ട്. ടെണ്ടറിൽ പങ്കെടുത്ത കരാറുകാരുടെയും അവർ ബിഡിൽ രേഖപ്പെടുത്തിയ നിരക്കും താഴെ കൊടുക്കുന്നു.

| ക്രമ നം. | കരാറുകാരൻ | ടെണ്ടറിൽ രേഖപ്പെടുത്തിയ നിരക്ക് |
|---|---|---|
| 1 | ജയൻ പി. ജോൺ | 9.3% കുറവ് |
| 2 | ഷഫീർ സി.എം. | 7.1% കുറവ് |
| 3 | റഫീഖ് കെ.എം. | 8.7% കുറവ് |
| 4 | സുലൈമാൻ | 8.8% കുറവ് |
| 5 | ഷിയാബ് കെ.ബി. | 6.1% കുറവ് |

മേൽ പ്രവൃത്തി 08.11.2018 -ന് റീടെണ്ടർ നടത്തുകയും ഇതിൽ പങ്കെടുത്ത ഏകകരാറുകാരനായ ശ്രീ. റഫീഖ് കെ.എം. -യെ എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി ഏൽപ്പിക്കുകയും ചെയ്തു.

ശ്രീ. ജയൻ പി. ജോണിന്റെ കുറവ് നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കാത്തതിനാൽ പ്രവൃത്തി മൂല്യത്തിന്റെ 9.3% തുക അതായത് ₹24807/- ( 266740 X 9.3%) ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്.

1997 -ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 11(1) പ്രകാരം ലഭിച്ച ടെൻഡറുകളിലെ നിരക്കുകൾ സ്വീകാര്യമല്ലെന്ന് തോന്നുന്ന സാഹചര്യത്തിലോ, അഥവാ ന്യായമായ എണ്ണം ടെൻഡറുകൾ ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിലോ ആണ് റീടെഡർ നടത്താവുന്നത്. മേൽ

പ്രോജക്ടുകൾക്ക് കുറഞ്ഞ നിരക്കിലും ന്യായമായ എണ്ണം ടെൻഡറുകൾ ലഭിച്ചിട്ടുണ്ട്. ആദ്യ ടെണ്ടർ റദ്ദ ചെയ്യാനുണ്ടായ കാരണം കാണിക്കുന്ന യാതൊരു രേഖയും ഫയലിലില്ല. ഭരണസമിതിക്ക് സെക്രട്ടറി നിയമോപദേശം നൽകിയതായും കാണുന്നില്ല. ഏത് നിയമത്തിന്റെ/സർക്കാർ ഉത്തരവിന്റെ അല്ലെങ്കിൽ ആരുടെ നിർദ്ദേശത്തിന്റെ/ശുപാർശയുടെ അടിസ്ഥാനത്തിലാണ് ആദ്യ ടെണ്ടർ റദ്ദ ചെയ്തത് എന്ന് വ്യക്തമാക്കുന്നതിനാവശ്യമായ രേഖകളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 17.10.2019 -ലെ ഓഡിറ്റ് എൻക്വയറി നം. 11/2018-19- ന് മറുപടിയായി ഭരണസമിതി ടെൻഡറുകൾ അംഗീകരിക്കാത്തതിന്റെ കാരണം ലഭ്യമല്ല എന്നാണ് അസി. എഞ്ചിനീയർ അറിച്ചിട്ടുള്ളത്.

കുറഞ്ഞ നിരക്കിലുള്ള ടെണ്ടറുകൾ നിരസിച്ചതു കാരണം ഗ്രാമപഞ്ചായത്തിന് ഉണ്ടായ ആകെ നഷ്ടം ₹196923/- (I - 28643, II - 47036, III- 19452, IV - 13053, V - 11015, VI - 26333, VII - 26584, VIII - 24807) യാതൊരു നിയമപരമായ കാരണവും കൂടാതെ ടെണ്ടറുകളുടെ അംഗീകരം നിഷേധിച്ചുകൊണ്ട് തീരുമാനമെടുത്ത ഭരണസമിതി അംഗങ്ങളിൽനിന്നും ഭരണസമിതി തീരുമാനത്തിനെതിരെ വിയോജന കുറിപ്പ് രേഖപ്പെടുത്താതിരുന്ന സെക്രട്ടറിയിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

മേൽ ക്രമ നമ്പർ III, IV, VI എന്നീ പ്രവൃത്തികളുടെ പ്രവൃത്തിമൂല്യം കരാർ തുകയിൽ പരിമിതപ്പെടുത്താതെ കരാറുകർക്ക് തുക അനുവദിച്ചതുമൂലം ഗ്രാമപഞ്ചായത്തിന് ഉണ്ടായ ആകെ നഷ്ടം ₹7746/- (III - 3516, IV - 2224, VI - 2006) ബിൽ തുക അനുവദിച്ച അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടത് സംബന്ധിച്ച് ഭരണസമിതിക്ക് ഉചിതമായ തീരുമാനം എടുക്കാവുന്നതാണ് (ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-29 കാണുക).

## 3-2 രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക ₹488757/- നിരാകരിക്കുന്നു..

.അസി. എഞ്ചിനീയർ തൻവർഷം താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിനായി ട്രഷറിയിൽ നിന്നും തുക പിൻവലിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത മരാമത്ത് പ്രവൃത്തികളുടെ രേഖകൾ പരിശോധയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ടിന്റെ നമ്പറും പേരും | ചെലവ് തുക | ട്രഷറി ബിൽ നമ്പറും തീയതിയും |
|---|---|---|---|
| 1 | എസ്.0225/19, വെങ്ങലേരികുന്ന് കയറ്റം കോൺക്രീറ്റ് | ₹47466/- | 03/18-19, 23.05.2018 |
| 2 | എസ്.0198/19, 16-ാം മൈൽ 4 - സെന്റ് കോളനി റോഡ് ടാറിംഗ് | ₹281789/- | 16/18-19, 23.05.2018 |
| 3 | എസ്.0200/19, കിരാതമൂർത്തി റോഡ് ടാറിംഗ് | ₹159502/- | 20/18-19, 23.05.2018 |
| ആകെ | | ₹488757/- | |

17.10.2019 -ലെ ഓഡിറ്റ് റിക്വസിഷൻ പ്രകാരം ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കാത്തതിനാൽ വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 18/2018-19/21.10.2019 ന് രേഖകൾ കണ്ടെത്തി ഓഡിറ്റിന് ഹാജരാക്കുന്നതാണന്നാണ് അസി. എഞ്ചിനീയർ മറുപടി നൽകി. തുർന്ന് രേഖകൾ ഹാജരാക്കാത്തതിനാൽ രേഖകൾ ഹാജരാക്കുന്നതിന് 18.02.2020 -ന് നേരിൽ ഹാജരാകുന്നതിനും അസി. എഞ്ചിനീയർക്ക് 01.02.2020 -ന് സമൺസ് നൽകിയെങ്കിലും രേഖകൾ ഹാജരാക്കുന്നതിന് അദ്ദേഹത്തിന് സാധിച്ചിട്ടില്ല. മേൽ പറഞ്ഞ ചെലവുകൾ താൻ നത്തിയതല്ലെന്നും പ്രസ്തുത ചെലവുകളുടെ രേഖകൾ തനിക്ക് കൈമാറിയിട്ടില്ലെന്നും ഓഡിറ്റ് സമയത്ത് ചുമതലയുണ്ടായിരുന്ന അസി. എഞ്ചിനീയർ 18.02.2020 -ന് രേഖമൂലം

അറിയിച്ചിട്ടുണ്ട്.

രേഖകൾ ഹാജരാക്കാത്തതിനാൽ കേരള പഞ്ചായയത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12(2) അനുസരിച്ചി രേഖകൾ ഇല്ലാ എന്ന നിഗമനത്തിൽ മേൽ പറഞ്ഞ ബില്ലുകൾ പ്രകരമുള്ള ആകെ തുക ₹4,88,757/- ഓഡിറ്റ് നിരാകരിക്കുന്നു. ട്രഷറിയിൽ നിന്നും തുക പിൻവലിച്ച ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

..

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ/ചെക്ക് നംമ്പർ | മുൻകുർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | എസ് റ്റി കുടുംബങ്ങൾക്ക് വാട്ടർ കണക്ഷൻ സബ്സിഡി | 210151078/03.11.18 | 150000 | 0 | 150000 |
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ | 210161134/24.12.18 | 1650000 | 0 | 1650000 |

## 4-2 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വാർഷിക കണക്കു പ്രകാരം ഇ.എം.എസ്. ഭവനപദ്ധതി തണൽ ഭവനപദ്ധതി എന്നീ പദ്ധതികളിലായി 10318350/- രൂപ വായ്പയിനത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ട്. ലോൺ രജിസ്റ്റർ പൂർണ്ണമല്ല. തൻവർഷം 2900755/- രൂപ തിരിച്ചടച്ചിട്ടുണ്ട്. ലോൺ രജിസ്റ്റർ കാലികമാക്കാത്തതിനാൽ മറ്റു വിവരങ്ങൾ ലഭ്യമല്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇഎംഎസ്, തണൽ ഭവനപദ്ധതി | | | ₹1,32,19,105/- | ₹29,00,755/- | ₹15,74,966/- | ₹1,03,18,350/- |

## 4-3 സ്ഥിരനിക്ഷേപങ്ങൾ.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 29,45,175/- |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 29,45,175/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 29,45,175/- |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു</u>

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| പടിഞ്ഞാറത്തറ സർവീസ് സഹകരണ ബാങ്ക് | 25,00,000/- |
| വയനാട് ജില്ലാ സഹകരണ ബാങ്ക് | 4,45,175/- |

# 4-4 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | തുക | രശീത് നമ്പർ/തീയതി |
|---|---|---|---|
| 1997-98 | 36 (2) | ₹2,940/- | 118030400010/09/10/2018 -₹2940/- |
| 1997-98 | 36 (2) | ₹8,572/- | 118030400011/09/10/2018 -₹8572/- |
| 1997-98 | 36 (2) | ₹2,850/- | 118030400042/09/10/2018 -₹2850/- |
| 1997-98 | 36 (2) | ₹2,760/- | 118030400018/09/10/2018- ₹2760/- |
| 1997-98 | 36 (2) | ₹2,850/- | 118030400073/09/10/2018 -₹2850/- |
| 1997-98 | 36 (2) | ₹2,850/- | 118030400074/09/10/2018 -₹2850/- |
| ആകെ | | ₹22,822/- | |

# 4-5 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 27 | 02-03 | 12(8) ii | മണൽ ലേലം | തുക ഈടാക്കിയിടില്ല |
| 1997-98 | 37 | 02-03 | VIII | മണൽ വിൽപ്പന | -ടി- |
| 1997-98 | 27 | 03-04 | 3(12)(2) | മണൽ ലേലം | -ടി- |
| 1997-98 | 14 | 03-04 | 3(12)(5) | ടെണ്ടർ- തുക അധികം നൽകി | -ടി- |
| 1997-98 | -- | 03-04 | 3(12)(5) | പ്രതിഫലം അധികം നൽകിയത് | -ടി- |
| 1999-2000 | -- | 03-04 | 3(12)(5) | ടാർ വില | -ടി- |
| 2016-17 | 2-7 | 2017-18 | 1.12.8 | റിസോർട്ടുകൾക്ക് കെട്ടിട പെർമ്മിറ്റ് നൽകിയതി ലെയും വസ്തുനികുതി നിർണ്ണയി ച്ചതിലെയും അപാകതകൾ | നടപടി എടുത്തിട്ടില്ല |

# 4-6 ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഉത്തരവാദിയുടെ പേര് | തുക | തുക അടവാക്കി യതിന്റെ വിവരം | റിമാർക്സ് |
|---|---|---|---|---|---|
| തൻവർഷം ചാർജ്ജ് /സർച്ചാർജ്ജ് നടപടികളുടെ പ്രകാരം തുക ഈടാക്കിയിട്ടില്ല. | | | | | |

# 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹134127886/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹1,21,17,652/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| നഷ്ടം/ ഓഡിറ്റിൽചെലവിനങ്ങളിലുള്ള അംഗീകരിക്കാത്ത തുക | : | ₹6,85,680/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹27,34,744/- |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | ₹1,96,923/- | 1)ഭരണസമിതി അംഗങ്ങൾ 2)ശ്രീ. അനിൽ രാമകൃഷ്ണൻ, സെക്രട്ടറി |
| 3-2 | | ₹4,88,757/- | ശ്രീ. അബ്ദുൾ നാസർ ടി., അസി. എഞ്ചിനീയർ) |
| ആകെ | | ₹6,85,680/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | ₹14,80,000/- | ശ്രീ. അബ്ദുൾ നാസർ ടി., അസി. എഞ്ചിനീയർ |
| 1-31 | ₹ 6,29,744/- | ശ്രീ. അബ്ദുൾ നാസർ ടി., അസി. എഞ്ചിനീയർ |
| 1-33 | ₹6,25,000/- | ഡോ. രസാനത്ത് |
| ആകെ | ₹27,34,744/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അനിൽ രാമകൃഷ്ണൻ,സെക്രട്ടറി | സെക്രട്ടറി പടിയൂർ ഗ്രാമ പഞ്ചായത്ത് | മണാലി, എ ടി സി റോഡ് ബല്ലണി – പി.ഒ. കേളകം, കണ്ണൂർ |
| ശ്രീ.സജേഷ് പി.ജി. | മെമ്പർ ഗ്രാമപഞ്ചായത്ത് | പുതിയവീട്ടിൽ, മുണ്ടക്കുറ്റിപി.ഒ |
| ശ്രീ. നൗഷാദ്. എം.പി. | പ്രസിഡണ്ട് പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് | മുണ്ടാളി, പുതിയപുരിയിൽ പടിഞ്ഞാറത്തറഒ |
| ശ്രീമതി. ഉഷാ വർഗ്ഗീസ് | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | മരുതോലിക്കൽ, പേരാൽ, മഞ്ഞൂറ – പി.ഒ. തരിയോട്. |
| ശ്രീ. ഹാരിസ്. സി.ഇ. | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ചക്കര (വീട്), കുപ്പാടിത്തറ മുണ്ടട്ടറ്റി – പി.ഒ |
| ശ്രീ. അഹമ്മദ്. കുട്ടയാടൻ | മെമ്പർ ഗ്രാമപഞ്ചായത്ത് | കുട്ടയാടൻ വീട് വെപ്പനം വാരാമ്പറ്റ |
| ശ്രീമതി. ബുഷ്റ ഉസ്മാൻ | --ടി-- | ചുണ്ടക്കണ്ടി (വീട്), പണ്ടങ്കോട്, പടിഞ്ഞാറത്തറ |
| ശ്രീ. സന്തോഷ്. കെ.എസ്. | --ടി-- | കൈക്കളക്കുനി പടിഞ്ഞാറത്തറ |
| ശ്രീമതി. സിന്ധു. പുറത്തൂട്ട് | --ടി-- | പുറത്തൂട്ട് (വീട്), പുതുശ്ശേരിക്കുന്ന്പി.ഒ |
| ശ്രീ.ജോസഫ് | --ടി-- | പുല്ലമാരിയിൽ, മുണ്ടക്കുറ്റി – പി.ഒ, മാനന്തവാടി |
| ശ്രീ. എ.കെ. ബാബു. | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ആനപ്പാറ (വീട്), അരമ്പറ്റക്കുന്ന്, പൊഴുതന |
| ശ്രീമതി. ഉഷ. എ | മെമ്പർ ഗ്രാമപഞ്ചായത്ത് | അലൻ നിവാസ്, ആനപ്പാറ പൊഴുതന (വഴി), അരമ്പറ്റക്കുന്ന് |
| ശ്രീമതി.സതി വിജയൻ | --ടി-- | പാണത്ത് (വീട്), പതിനാറാം മൈൽ പടിഞ്ഞാറത്തറ |
| ശ്രീമതി. ആസ്യ ചേരാപുറത്ത് | --ടി-- | ചേരാപുറത്ത് (വീട്) പേരാൽ മഞ്ഞൂറ – പി.ഒ. |
| ശ്രീ. ഹാരിസ് കണ്ടിയൻ | --ടി-- | കണ്ടിയൻ (വീട്), പൂഴിത്തോട്, പടിഞ്ഞാറത്തറ., |
| ശ്രീമതി. ശാന്തിരി ഷാജി | --ടി-- | വയലിൽ (വീട്), കാപ്പിക്കളം വാരാമ്പറ്റ പൊഴുതന (വഴി |
| ശ്രീമതി. നസീമ പൊന്നാണ്ടി | വൈസ് പ്രസിഡണ്ട് ഗ്രാമപഞ്ചായത്ത് | പൊന്നാണ്ടി (വീട്), പന്തിപ്പൊയിൽ, വാരാമ്പറ്റ |
| ശ്രീ. അബ്ദുൾ നാസർ ടി. | അസി. എഞ്ചിനീയർ | നെസ്റ്റ്, റിട്ട. അസി. എഞ്ചിനീയർ, പിണങ്ങോട് പി.ഒ, കൽപ്പറ്റ, വയനാട്. |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ഡബ്ല്യു. പി.3-156/02/6/11/08 |
| 1998-99 | എൽ.എഫ്.ഡബ്ല്യു. പി.3-321/01/06.08/2019 |
| 1999-00 | എൽ.എഫ്.ഡബ്ല്യു. പി.1-1077/08 (8)തീ. 6/11/08 |
| 2000-01 | എൽ.എഫ്.ഡബ്ല്യു. പി.1-558/04/06.08.2019 |
| 2001-02പ്ലാൻ | എൽ.എഫ്.ഡബ്ല്യു. പി.1-281/06/06.08.2019 |
| 2002-03 | എൽ.എഫ്.ഡബ്ല്യു. പി.7-309/09 തീ. 12/2/08 |
| 2003-04 | എൽ.എഫ്.ഡബ്ല്യു. പി.7-127/08 തീ. 4/3/08 |
| 2004-05 | എൽ.എഫ്.ഡബ്ല്യു. പി.7-145/08/06.08.2019 |
| 2005-06 | എൽ.എഫ്.ഡബ്ല്യു. പി.7- 144/08/06.08.2019 |
| 2006-07 | എൽ.എഫ്.ഡബ്ല്യു. പി.1-368/1309 തീ. 18.7.2014 |
| 2007-08 | എൽ.എഫ്.ഡബ്ല്യു. പി.1-327/13 തീ. 3/7/2013 |
| 2008-09 | എൽ.എഫ്.ഡബ്ല്യു. പി.1-328/13 തീ.30/5/2013 |
| 2009/10 | എൽ.എഫ്.ഡബ്ല്യു. പി.1-329/13/ തീ.31/7/2013 |
| 2010-11 | എൽ.എഫ്.ഡബ്ല്യു. പി.1-9/13 തീ.3/4/2014 |
| 2011-12 | എൽ.എഫ്.ഡബ്ല്യു. പി.1-257/14 തീ. 7/7/14 |
| 2012-13 | എൽ.എഫ്.ഡബ്ല്യു. പി.2-719/15 തീ. 10/12/15 |
| 2013-14 | എൽ.എഫ്.ഡബ്ല്യു.പി.2-134/16 തീ. 21/4/2018 |
| 2014-15 | എൽ.എഫ്.ഡബ്ല്യു.പി.2-431/16 തീ.28/12/2017 |
| 2015-16 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി. പി2-864/16 തിയ്യതി 7/6/2018 |
| 2016-17 | നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി) പി2- 602/2017/25.5.2018 |
| 2017-18 | നം .കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി) പി2- 7/2019/03.05.2019 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് ഓഫീസ്, വയനാട്.

## അനുബന്ധം -1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി.)പി.2-999/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

കൽപ്പറ്റ - 673121

തിയ്യതി : 18.02.2020

Phone- 04936 203672

Email- dowyd.ksad@kerala.gov.in

<u>സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 14--)ം വകുപ്പും 1994 കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-)ം വകുപ്പും/1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295--)ം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിന്റെ 31.03.2019-ൽ അവസാനിച്ച വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

# <u>അനുബന്ധം -2 ന്യൂനതകളുടെ സംഗ്രഹം</u>

1. പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാത സ്റ്റേറ്റുമെന്റുകൾ എന്നിവ പൂർണ്ണമായി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. 2017-18വർഷത്തെ ലെഡ്ജർ അക്കൗണ്ടുകളുടെ നീക്കിയിരുപ്പ് 2018-19 വർഷത്തെ മുന്നിരിപ്പായി പൊരുത്തപ്പെടുന്നില്ല.ഉദാ:

| ഇനം | 2017-18 വാർഷിക കണക്ക് | 2018-19 വാർഷിക കണക്ക് | വ്യത്യാസം |
| --- | --- | --- | --- |

| | | | |
|---|---|---|---|
| | പ്രകാരം | പ്രകാരം | |
| ലൈബ്രറി സെസ്സ് അടയ്ക്കാനുള്ളത് (350300101) | ₹4,69,576/- | ₹4,71,585.35 | ₹2,009.35 |
| റിസീവബിൾ ഫോർ പ്രോപ്പർട്ടി ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ് (431100101) | ₹3,66,543/- | ₹3,60,964/- | ₹5,579/- |
| റിസീവബിൾ ഫോർ പ്രോപ്പർട്ടി ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ് കുടിശ്ശിക (431100102) | ₹33,124/- | ₹24,464/- | ₹8,660/- |

3. B12 Schedule-ലെ സ്ഥിരനിക്ഷേപത്തുക സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകളുടെ അസ്സലുമായി പൊരുത്തപ്പെടുന്നില്ല.

| B12 ഷെഡ്യൂൾ പ്രകാരം | ഭൗതിക പരിശോധന പ്രകാരം | വ്യത്യാസം |
|---|---|---|
| ₹29,45,175/- | 30,19,296/-(FD No:001001007316-₹25,00,000/-,<br>FD No:86965-₹5,19,296/-) | ₹74,121/- |

4. തനത് ഫണ്ടിൽ, TSC,SSA,WGDP,ICDS,Funds for transferred institutions, ശുചിത്വ മിഷൻ മുതലായ വരവുകൾ സൂക്ഷിക്കുന്നുണ്ടെങ്കിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല. തനത് ഫണ്ട് അക്കൗണ്ട് തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്.

5. DCB രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ് തുകകളും ഇൻകം & എക്സ്പെന്ററിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഡിമാന്റ് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഇനം | രജിസ്റ്റർ പ്രകാരം | വാർഷിക കണക്ക് പ്രകാരം | വ്യത്യാസം |
|---|---|---|---|
| ഓഡിറ്റോറിയം വാടക I- 3 | ₹28,000/- | ₹37,300/- | ₹9,300/- |
| കംഫർട്ട് സ്റ്റേഷൻ ഫീ I – 4 ( b) | ₹37,300/- | ₹20,000/- | ₹17,300/- |
| വസ്തുനികുതി 1 - 1 | ₹48,05,746/- | ₹4574925/- | ₹2,30,821/- |
| വസ്തുനികുതി (കുടിശ്ശിക) (B15 17-18) | ₹2,45,524/- | ₹3,99,667/- | ₹154,143/- |

6. DCB രജിസ്റ്റർ പ്രകാരമുള്ള കളക്ഷൻ തുകയും Receipt&Payment സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കളക്ഷൻ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഇനം | രജിസ്റ്റർ പ്രകാരം | വാർഷിക കണക്ക് പ്രകാരം | വ്യത്യാസം |
|---|---|---|---|
| ജീവനക്കാരുടെ തൊഴിൽനികുതി RP-1 | ₹9,83,080/- | ₹9,48,110/- | ₹34,970/- |
| | | | |

| | | | |
|---|---|---|---|
| ഓഡിറ്റോറിയം വാടക RP – 3 | ₹28,000/- | ₹37,300/- | ₹9,300/- |
| കംഫർട്ട് സ്റ്റേഷൻ ഫീ RP – 4 | ₹37,300/- | ₹20,000/- | ₹17,300/- |
| വസ്തുനികുതി 1 – 1 RP – 43 | ₹46,67,773/- | ₹45,08,981/- | ₹1,58,792/- |
| വസ്തുനികുതി (കുടിശ്ശിക) RP – 43 | ₹2,45,524/- | ₹40,024/- | ₹205,500/- |

7. ആസ്തികൾക്ക് തൻവർഷം ഡിപ്രിസിയേഷൻ ചാർജ്ജ് ചെയ്തിട്ടില്ല.
8. ടെണ്ടർ ഫോം സെയിൽ രജിസ്റ്റർ, ലോൺ രജിസ്റ്റർ,ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, എന്നിവ സൂക്ഷിച്ചിട്ടില്ല.
9. RP-4 പ്രകാരം ബിൽഡിംഗ് റെഗുലറൈലേഷൻ ഫീസിനത്തിൽ 164,004/- രൂപ വരവുണ്ടെങ്കിലും ബിൽഡിംഗ് റെഗുലറൈലേഷൻ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ പരിശോധിക്കാൻ കഴിഞ്ഞില്ല.
10. ലൈബ്രറി സെസ്സ് ലൈബ്രറി കൗൺസിലിലേക്ക് ഒടുക്കുവാൻ ബാക്കിയുണ്ട്.
11. 2017-18 ലെ B9 Schedule പ്രകാരം profession tax Institution/Traders ഇനത്തിൽ 37,300/- രൂപ മുൻകൂർ കിട്ടിയ തുക കാണിച്ചിട്ടുണ്ട്. രേഖകൾ ഹാജരാക്കിയിട്ടില്ല.
12. മെയിന്റനൻസ് ഗ്രാന്റ്(റോഡ്) ആസ്തി നിർമ്മാണത്തിന് ചെലവാക്കിയിട്ടുണ്ട്.
13. 2017-18 ലെ B9 Schedule പ്രകാരം D&O ലൈസൻസ് ഫീസ് ഇനത്തിൽ 8700/- രൂപ മുൻകൂർ കിട്ടിയ തുക കാണിച്ചിട്ടുണ്ട്. രേഖകൾ ഹാജരാക്കിയിട്ടില്ല.
14. RP 43 പ്രകാരം വാടക കുടിശ്ശികയിനത്തിൽ 74904/- രൂപ വരവുണ്ട്. എന്നാൽ 2017-18 വാർഷിക ധനകാര്യ പത്രിക B15 Schedule പ്രകാരം വാടക കുടിശ്ശികയിനത്തിൽ തുകയില്ല.
15. സ്റ്റോക്ക് രജിസ്റ്റർ വാല്യൂ ബേസ്ഡ് ആക്കി അക്കൗണ്ട് ചെയ്തിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

കൽപ്പറ്റ,
18.02.2020